## മാവൂർ ഗ്രാമപഞ്ചായത്ത്

### ഗവ. ലോവർ പ്രൈമറി സ്ക്കൂൾ, കണ്ണിപറമ്പ്

# ജാലകം 2025

(ഒരു നൂറ്റാണ്ടിന്റെ വഴിധാരയിൽ)

### അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

**തയ്യാറാക്കിയത്**

| | | |
|---|---|---|
| **ഷൈജു എൻ** | : | **പ്രഥമാധ്യാപിക** |
| **അഭിജ** | : | **പ്രൈമറി ടീച്ചർ** |
| **രേവതി** | : | ,, |

**അക്കാദമിക പിന്തുണ** :

**ഡോ. വി. പരമേശ്വരൻ** (മുൻ ഡയറ്റ് സീനിയർ ലക്ചറർ)

# ജി.എൽ.പി. എസ്. കണ്ണിപറമ്പ
# അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025 –26


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | |
| 2. | വിദ്യാലയ ചരിത്രം | |
| 3. | കാഴ്ചപ്പാട് | |
| 4. | പൊതു ലക്ഷ്യങ്ങൾ | |
| 5. | അവസ്ഥാപഠനം | |
| 6. | മികവുകളും പ്രശ്നങ്ങളും | |
| 7. | പ്രശ്ന വിശകലനവും പ്രവർത്തന പദ്ധതികളും | |
| 8. | വാർഷിക കലണ്ടർ | |
| 9. | അക്കാദമിക മാസ്റ്റർ പ്ലാൻ– മോണിമറിംഗ് കമ്മറ്റിയുടെ പ്രയോഗവല്ക്കരണവും | |
| 10. | ഉപസംഹാരം | |
| 11. | അനുബന്ധം | |
| | സ്ക്കൂൾ മികവുകൾ | |
| | വിവിധ കമ്മറ്റികൾ | |

# ആമുഖം

2017 – 2018ലാണ് ആദ്യമായി കേരളത്തിലെ വിദ്യാലയങ്ങളിൽ അക്കാദമിക മികവിനായി അക്കാദമികക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നത്. ഇത് വിദ്യാലയങ്ങളിൽ വലിയ തോതിൽ വികസനത്തിന് വഴി തെളിച്ചു. അതോടൊപ്പം ആസൂത്രണത്തിന്റെ പ്രാധാന്യം സമൂഹം തിരിച്ചറിയുകയും ചെയ്തു. എന്നാൽ തുടർവർഷങ്ങളിൽ അവയുടെ പുതുക്കൽ മാത്രമാണ് നടന്നത്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി 2025 – 26 വർഷത്തിൽ വീണ്ടും വിപുലമായ ആസൂത്രണ പരിപാടി ആരംഭിക്കുകയാണ്. വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിൽ അവസ്ഥാപഠനം നടത്തി പ്രശ്നങ്ങൾ കണ്ടെത്താനും അവക്കു പരിഹാരം കാണാനും സഹായകമായ തരത്തിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്തിരിക്കുന്നത്. കൂടാതെ അവ ഫലപ്രദമായി നടപ്പാക്കുന്നതിന് സഹായകമായ വാർഷിക കലണ്ടറും പ്രവർത്തന തന്ത്രങ്ങളും ഉൾക്കൊള്ളുന്നതാണ് തയ്യാറാക്കിയ പ്ലാൻ. ഈ പദ്ധതിരേഖ വിശദമായ ചർച്ചക്കും വിശകലനത്തിനും വിധേയമായി ഫലപ്രദമായി നടപ്പാക്കുന്നതിൽ ഓരോ ഗുണഭോക്താക്കളുടെയും പങ്കാളിത്തം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ ഇത് നിങ്ങൾക്കു മുന്നിൽ അഭിമാനപുരസരം സമർപ്പിക്കുന്നു.

# വിദ്യാലയത്തിന്റെ ചരിത്രം

ഒരു നൂറ്റാണ്ടു കാലമായി കണ്ണിപറമ്പിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയിൽ നിർണ്ണായക പങ്ക് വഹിച്ചുകൊണ്ടിരിക്കുന്ന ഒരു സർക്കാർ വിദ്യാലയമാണ് ജി. എൽ.പി.എസ്. കണ്ണിപറമ്പ്. ബ്രിട്ടീഷ് ഇന്ത്യയിൽ മദ്രാസ് ഗവർമെന്ററിന്റെ കീഴിൽ മദ്രാസ് ഡിസ്ട്രിക് ബാർഡ് ബോയ്സ് ഹിന്ദു സ്കൂൾ എന്ന പേരിൽ 1925 ഒക്ടോബർ 25-ാം തിയ്യതിയാണ് വിദ്യാലയത്തിന്റെ തുടക്കം. 100 വർഷമായി മലയാളം മീഡിയത്തിൽ മാത്രം അധ്യയനം നടത്തുന്ന മാവൂർ ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണിത്. കോഴിക്കോട് ജില്ലയിലെ കണ്ണിപറമ്പ് ദേശത്ത് കാര്യാട്ട് പറമ്പിൽ ആയിരുന്നു ഈ വിദ്യാലയം വളരെക്കാലം പ്രവർത്തിച്ചത്, ഓടിട്ട നാലു മുറി കെട്ടിടമായിരുന്നു ആദ്യം ഉണ്ടായിരുന്നത്. തുടർന്ന് നാലു ക്ലാസ്സുമുറികൾ കൂടി പണിയുകയായിരുന്നു. തുടർന്ന് നാലു ക്ലാസ്സു മുറികൾ കൂടി പണിയുകയായിരുന്നു.

ശ്രീ.കെ. അച്യുതൻ നായരായിരുന്നു. ആദ്യ ഹെഡ് മാസ്റ്റർ 1970 കളിൽ മൂന്നൂറിലധികം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. 1991 വരെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച വിദ്യാലയം 1992-ൽ കണ്ണിപറമ്പ് കൂനിച്ചിമാട് പ്രദേശത്ത് സ്വന്തം കെട്ടിടത്തിലേക്ക് മാറി. മാവൂർ ഗ്രാമ പഞ്ചായത്ത് സ്വകാര്യവ്യക്തിയിൽ നിന്നും സ്ഥലം വാങ്ങി. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിലുൾപ്പെടുത്തിയാണ് പി.ടി.എ.യുടെ നേതൃത്വത്തിൽ പുതിയ കെട്ടിടം പണിതത്. നൂറ്റാണ്ടു പിന്നിടുന്ന ഈ വിദ്യാലയത്തിൽ ഇതുവരെ - കുട്ടികൾ പഠിച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കുടുംബത്തിൽ നിന്നെത്തുന്നവരാണ് ഭൂരിഭാഗം കുട്ടികളും. കാർഷിക മേഖലയായ കണ്ണിപറമ്പിൽ നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, പച്ചക്കറികൾ എന്നിവയാണ് പ്രധാനമായും കൃഷിചെയ്തിരുന്നത്. 1962ൽ ഗ്വാളിയോർ റയോൺസ് കമ്പനിയുടെ വരവോടെ കണ്ണിപറമ്പിൽ ധാരാളം കമ്പനിയുടെ വരവോടെ കണ്ണിപറമ്പിൽ ധാരാളം കമ്പനി തൊഴിലാളികൾ ഉണ്ടായി. സാമ്പത്തികമായി കുറെ കുടുംബങ്ങളെ മികവിലേക്കു നയിക്കാൻ അതു സഹായിച്ചു എന്നാൽ ആ വസന്തകാലത്തിന് മൂന്നര പതിറ്റാണ്ടു മാത്രമേ ആയുസ്സ് ഉണ്ടായിരുന്നുള്ളൂ. ഇന്ന് നെൽ കൃഷി നാമ മാത്രമാണ്. പാടങ്ങളിൽ നേന്ത്രവാഴ കൃഷിയാണ് കൂടുതൽ. കമ്പനിയുടെ വരവോടെ മാവൂർ കണ്ണിപറമ്പ് പ്രദേശത്തിലെ പുതതലമുറക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള താല്പര്യം കുറഞ്ഞു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ കമ്പനിയിൽ ജോലി ലഭിക്കുന്ന അവസ്ഥ വന്നു. ഉയർന്ന ശമ്പളവും ആനുകൂല്യങ്ങളും എല്ലാവരേയും കമ്പനിത്തൊഴിലാളിയാകാൻ പ്രേരിപ്പിച്ചു. കമ്പനി പൂട്ടിയതോടെ വീണ്ടും ഗ്രാമീൺ സാമ്പത്തികമായി പിന്നിലായി എങ്കിലും വിദ്യാഭ്യാസ മേഖലയിൽ ഉണർവ്വുണ്ടായി. എന്നാൽ പൊതുവിദ്യാലയത്തിലേക്ക് കുട്ടികളെ അയക്കുന്നതിൽ പല രക്ഷിതാക്കളും താല്പര്യം കാണിച്ചില്ല അതുകൊണ്ട് തന്നെ ദശാബ്ദങ്ങളായി. അനാദായകരമായ വിദ്യാലയം എന്ന ഗണത്തിലാണ് നമുടെ വിദ്യാലയം അറിയപ്പെടുന്നത്.

ഈ സ്ഥിതി മാറ്റിയെടുക്കുന്നതിന് കൃത്യമായ ആസൂത്രണ പരിപാടികൾ ആവശ്യമാണ് ഭൗതികവും, അക്കാദമികവും, സാമൂഹ്യവുമായ ഇടപെടൽ നടത്തിക്കൊണ്ടു മാത്രമേ അതു സാധ്യമാവു. പ്രാദേശിക വിഭവങ്ങളെ ഏകോപിപ്പിച്ച് ഈ നൂറാം വർഷത്തിൽ ആലക്ഷ്യം കൈവരിക്കുന്നതിന് ഇവിടെ രൂപപ്പെടുത്തുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമാവണം.

രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സജീവമായ ഇടപെടലുകൾ സ്ക്കൂളിന്റെ പുരോഗതിക്ക് സഹായകമാവുന്നു. ഒന്നു മുതൽ നാലു വരെ ക്ലാസ്സുകൾക്ക് പുറമെ പി.ടി.എ നേതൃത്വം കൊടുക്കുന്ന പ്രീപ്രൈമറി ക്ലാസ്സുകളും ഇവിടെ പ്രവർത്തിക്കുന്നു.

പി.ടി.എ, എസ്.എം.സി., എസ്.എസ്.ജി, എസ്.എസ്.ജി., എം.പി.ടി.എ എന്നീ കൂട്ടായ്മകളും സ്ഥിരം നിയമിതരായ അധ്യാപകരും ഇന്ന് ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്. അധ്യപകർക്കു പുറമെ പി.ടി.സി.എം., പാചകത്തൊഴിലാളി ഡ്രൈവർ എന്നിവരുടെ സേവനവും എടുത്തുപറയേണ്ടതാണ്.

വിദ്യാഭ്യാസവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സജീവമായ ഇടപെടലുകൾ നടത്തി വരുന്നു. ഇന്ന് നൂറിന്റെ നിറവിൽ എത്തി നിൽക്കുന്ന ഈ വിദ്യാലയം ഈ പ്രദേശത്തിന്റെ ഒരു സാംസ്കാരിക കേന്ദ്രം കൂടിയാണ്.

## കാഴ്ചപ്പാട്

അനുദിനം മാറിക്കോണ്ടിരിക്കുന്ന നമ്മുടെ ലോകത്ത് ജീവിക്കാനവശ്യമയ ശേഷികളും ധാരണകളും മനോഭാവങ്ങളും മൂല്യങ്ങളും രൂപീകരിച്ചു ഗുണനിലവാരമുള്ള സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട്.

സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്ന പ്രദേശത്താണ് നമ്മുടെ വിദ്യാലയം  നിലനിൽക്കുന്നത് പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് നമ്മുടെ കടമയാണ് എല്ലാ വിദ്യാർത്ഥികളും പാഠ്യപദ്ധതി മേഖല ലക്ഷ്യം വെക്കുന്ന ശേഷികൾ ആർജ്ജിക്കാൻ കഴിയണം. ഇന്നത്തെ സാഹചര്യത്തിൽ ഹൈടെക്ക് നിലവാരമുള്ള വിദ്യാലയ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തി ക്ലാസ് മുറികൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശ്രമങ്ങൾ നാം ഏറ്റെടുക്കേണ്ടതുണ്ട്.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റും വിധം നമ്മുടെ വിദ്യാലയത്തെ മാറ്റി എടുക്കേണ്ടതുണ്ട്.  അതിനായി സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങലും കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് നമ്മൾ തയ്യാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
2. ഓരോ ഘട്ടത്തിലും കുട്ടിനേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ചു രക്ഷാകർത്താക്കളടങ്ങുന്ന സമൂഹത്തെ അറിയിക്കുക.
3. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികപരവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയരായ പൗരന്മാരായി വളരാൻ അവസരമൊരുക്കുക.
4. എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

5. കുട്ടികളിൽ മൂല്ല്യബോധം വളർത്തി സമൂഹത്തിനും കുടുംബത്തിനും യോജിച്ച പൗരന്മാരാക്കി മാറ്റുക.

6. മതേതരത്വം, ലിംഗസമത്വം, ഭിന്നശേഷിക്കാർക്കുള്ള പരിരക്ഷ, സാമൂഹിക സമത്വം എന്നിവയിലൂന്നൽ നൽകി വളരാൻ കുട്ടികളെ പ്രാപ്തരാക്കുക

7. എല്ലാകുട്ടികൾക്കും നിർഭയരായി സ്കൂളിൽ എത്താനും അധ്യയനം നടത്താനുമുള്ള സാഹചര്യമൊരുക്കുക.

8. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

9. ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.

10. പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആക്കുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക അക്കാദമിക അന്തരീക്ഷം വികസിപ്പിക്കുക.

11. സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ലാബ് എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.

12. ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

13. കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.

14. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക

15. പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുക. സമീപവാസികളായ മുഴുവൻ കുട്ടികളേയും പൊതുവിദ്യാലയത്തിൽ പ്രവേശിപ്പിക്കുക.

# അവസ്ഥാപഠനം

ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള വിദ്യാലയമാണ് ജി എൽ പി എസ്. കണ്ണിപറമ്പ് ശരാശരിക്കു മുകളിൽ ഭൗതിക സൗകര്യവും മികച്ച അക്കാദമിക നിലവാരവുമുള്ള വിദ്യാലയങ്ങളിലൊന്നാണിത്. കോഴിക്കോട് ജില്ലയിൽ മലയാളം പഠനമാധ്യമമായി ഇന്നും നിലനില്ക്കുന്ന വിദ്യാലയം കുട്ടികളുടെ എണ്ണം അറുപതിൽ താഴെ ആയിട്ട് ദശാബ്ദങ്ങളായി. ഇനിയും ഏറെ വികസിക്കേണ്ട മേഖലകൾ ഈ വിദ്യാലയത്തിലുണ്ട്. അവ തിരിച്ചറിയുന്നതിനും പരിമിതികൾ പരിഹരിച്ച് മുന്നേറുന്നതിനും നിലവിലുള്ള അവസ്ഥ തിരിച്ചറിയണം. പാഠ്യപദ്ധതി വിനിമയം, പഠനാന്തരീക്ഷം, പഠനബോധന പ്രക്രിയ സാമൂഹിക പങ്കാളിത്തം സഹായ സംവിധാനം എന്നീ വിദ്യാലയഗുണതയെ സ്വാധീനിക്കുന്ന അഞ്ച് മേഖലകളിലെ നിലവിലുള്ള അവസ്ഥ പഠിച്ചുകൊണ്ട് മാത്രമെ പരിഹാരങ്ങളിലേക്കും മികവിലേക്കും എത്തിച്ചേരാനാകൂ.

### 1. പാഠ്യപദ്ധതി വിനിമയം

ശിശുകേന്ദ്രിതവും, പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനരീതിയാണ് നിലവിലുള്ള പാഠ്യപദ്ധതി നിർദ്ദേശിക്കുന്നത്. ഇത് ഫലപ്രദമായി നിർവ്വഹിക്കണമെങ്കിൽ നിരന്തരം പരിശീലനം, പഠനലക്ഷ്യങ്ങളെ കുറിച്ചും കുട്ടിയുടെ പഠനത്തെകുറിച്ചും അവബോധമുള്ള രക്ഷാകർതൃസമൂഹം, നിരന്തരം സഹായം ലഭ്യമാക്കുന്ന ഔദ്യോഗിക സംവിധാനം, പ്രാദേശിക വിദഗ്ദരുടെ ഇടപെടൽ എന്നിവ അനിവാര്യമാണ്. ഈ മേലയിൽ പ്രതീക്ഷിത നിലവാരത്തിലെത്താൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടില്ല.

അറിവു നിർമ്മാണ പ്രക്രിയക്ക് ഊന്നൽ നൽകുന്ന പഠനബോധന രീതിയിലുള്ള ആസൂത്രണം, വിനിമയം, വിലയിരുത്തൽ, തുടർ സഹായം എന്നിവ സംബന്ധിച്ച് ഇനിയും ധാരണകളും നൈപുണികളും വികസിക്കേണ്ടതുണ്ട്. ഓരോ കുട്ടികളേയും പഠന പ്രക്രിയയുടെ ഭാഗമാക്കാനും അത് വഴി എല്ലാവർക്കും പഠനനേട്ടം ഉറപ്പാക്കാനും കഴിയുന്നവിധം സൂക്ഷ്മ തല പാഠാസൂത്രണവും അതിനാവശ്യമായ പഠനോപകരണങ്ങളും ഐ സി ടി ഉൾപ്പടെ തയ്യാറാക്കാനം (ഉദാ. വായനാകാർഡുകൾ, വർക്ക്ഷീറ്റുകൾ, ഗണിതപഠനത്തിനുള്ള സാമഗ്രികൾ) ടീച്ചർമാരുടെയും രക്ഷിതാക്കളുടേയും പ്രാദേശിക വിദഗ്ധരുടേയും പങ്കാളിത്തവും കൂട്ടായ്മയും പ്രതീക്ഷിത നിലവാരത്തിൽ ഉറപ്പാക്കാൻ കഴിയുന്നില്ല അതുകൊണ്ടുതന്നെ ഒന്നുമുതൽ നാലുവരെ ക്ലാസിലെ എല്ലാകുട്ടികളും എല്ലാ പഠന ലക്ഷ്യങ്ങളും പ്രതീക്ഷിത നിലവാരത്തിൽ നേടുന്നു എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

പഠന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പഠനദിനങ്ങൾ, പഠനസമയം മതിയാകാത്ത അവസ്ഥയുണ്ടെന്ന് പറയുന്നുണ്ട്. എന്നാൽ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലല്ല ഈ പരാമർശം എന്ന പരിമിതിയുണ്ട്. പഠന ദിവസങ്ങളിൽ തന്നെ പഠന സമയം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും നമുക്ക് കഴിയണം. പാഠ്യപദ്ധതി നിർദ്ദേശിക്കുന്നപ്രകാരം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പഠന പ്രക്രിയ നിർവ്വഹിക്കാൻ സാധിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ തൽസ്ഥല സഹായവും സാമഗ്രികളും വേണ്ടത്ര ലഭ്യമാകാത്ത നിലയുണ്ട്.

## 2. പഠനാന്തരീക്ഷം

വിദ്യാലയത്തിൽ ആവശ്യത്തിന് ക്ലാസ് മുറികളും ശൗചാലയങ്ങളും ഓഫീസ് റൂം അടുക്കള എന്നിവയും ഉണ്ട്. പ്രധാന കെട്ടിടത്തിന്റെ മുകളിലായി ഒരുഹാളും ടൈൽ വിരിച്ച മുറ്റവും ഉണ്ട്. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എംഎൽഎ എന്നിവരും വികസന ഫണ്ടിൽ നിന്നും ആവശ്യമായ തുക ലഭിക്കുന്നുണ്ട്. എം പി അനുവദിച്ച ഒരു വാനും സ്കൂൾ പ്രവർത്തനം ഫലപ്രദമാക്കാൻ സഹായിക്കുന്നു. മഴവെള്ള സംഭരണി തുറന്ന സ്റ്റേജ് തുടങ്ങിയ സൗകര്യങ്ങളും വിദ്യാലയത്തിലുണ്ട്.

എന്നാൽ ഫലപ്രദമായ ക്ലാസ് മുറി എന്ന ആധുരികസങ്കല്പത്തിനൊത്ത് സ്കൂളിലെ ക്ലാസി വൾ വളർന്നിട്ടില്ല. ശിശു സൗഹൃദപരമായ ഇരിപ്പിടം, ചുമരുകൾ, പിൻബോഡുകൾ സിടി പഠനസൗകര്യങ്ങൾ, ക്ലാസ് ലൈബ്രറി, ക്ലാസ് ലാബ്, ചലനാത്മകമായ ബോഡുകൾ. പൊടി രഹിതമായ ക്ലാസ് മുറി, എന്നിവ ഇനിയും ആവശ്യമാണ് ജൈവ വൈവിധ്യ ഉദ്യാനം, കെട്ടിടത്തെ പഠനോപകരണമാക്കി മാറ്റൽ (Bala- Building as Learning Aid) പരിസര പഠനവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ നടത്താനുള്ള സൗ കര്യം വിദ്യാലയത്തിലുണ്ട്. കുട്ടികളുടെ പഠനത്തെളിവുകൾ പ്രദർശിപ്പിക്കാനുള്ള സൗകര്യമില്ല. സ്കൂൾ ലൈബ്രറിയിലും ക്ലാസ് ലൈബ്രറിയിലും അനുയോജ്യമായ പുസ്തകങ്ങളുടെ കുറവുണ്ട് വ്യത്യസ്ഥ നിലവാ രക്കാരെ പരിഗണിക്കുന്ന പുസ്തകങ്ങളും ഇംഗ്ലീഷ് ഭാഷയിലുള്ള ലളിതമായ പുസ്തകങ്ങളും വേണ്ടതഇല്ല. പഠനപ്രക്രിയയുടെ ഭാഗമായി റഫർ ചെയ്യുന്നതിനാവശ്യമായ പുസ്തകങ്ങളുടേയും അഭവമുണ്ട്. ഇത് പഠനത്തെ ദോഷകരമായി ബാധിക്കുന്നു. കായികപരിശീലനത്തിന് ആവശ്യമായ സ്ഥലം, ഉച്ചഭക്ഷണം കഴിക്കാനുള്ള ഹാൾ എന്നിവ ഇല്ല. പഠനാന്തരീക്ഷം ഒരുക്കുന്ന തരത്തിൽ പലധാത്മകമായ ചുമരുകൾ (Digital) രൂപപ്പെടുത്താൻ കഴിഞ്ഞിട്ടില്ല

## 3. പഠനബോധന പ്രക്രിയ

വിദ്യാലത്തിന്റെ ജീവനടിയാണ് പഠനബോധപ്രക്രിയ പഠനപ്രക്രിയയുടെ ഗുണതയാണ് പാഠ്യപദ്ധതി ലക്ഷ്യങ്ങൾ ഫലപ്രദമായി കുട്ടികൾ ആർജിക്കുന്നതിന് സഹായിക്കുന്ന പ്രധാനഘടകം ഇവിടെ സുപ്രധാനപങ്കുവഹിക്കുന്നത് അധ്യാപകരാണ് പ്രഥമാധ്യാപികയടക്കം നാല് ടീച്ചർമാരും പ്രീ പ്രൈമറി വിഭാഗത്തിലെ രണ്ട് ടീച്ചർമാരും അടങ്ങുന്നതാണ് സ്കൂളിലെ അധ്യാപക സമൂഹം നിശ്ചിത യോഗ്യതയും പി എസ് സി, കെ ടെറ്റ് യോഗ്യതയും നേടിയവരാണവർ. ജില്ല അധ്യാപക വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തി നിന്നും പഠനം പൂർത്തിയാക്കിയവരാണ് അവരിൽ രണ്ടുപേർ എന്നത് പ്രത്യേകം എ ടുത്തു പറയേണ്ടതാണ്. സേവന പൂർവ്വകാല പരിശീനത്തിലൂടെ അധ്യാപനത്തിൽ നേടുന്ന ശേഷികൾ അ ധ്യാപനത്തിൽ കരുത്താർജിക്കുന്നതും വളരുന്നതും സേവനകാല അനുഭങ്ങളിലൂടെയാണ്. പടന ബോധന പ്രക്രിയയിൽ നേതൃത്വം നൽകുന്ന ടീച്ചർമാരെ സഹായിക്കുന്ന ടീച്ചർ ടെസ്റ്റ് നിരന്തര പരിശീലനങ്ങൾ, തൽസ്ഥല സഹായ പരിപാടകൾ, പ്രഥമാധ്യാപകരുടെ മോണിറ്ററിംഗ് നിർണ്ണം, സ്ക്കൂൾ റിസോഴ്സ് ഗ്രൂപ്പ് ചർച്ചകൾ, പ്രാദേശിക വിഭവ വിനിയോഗം എന്നിവയാണ് ഈ മേഖലയിൽ ശരാശരിക്കു താഴേ മാത്രമാണ് സഹായങ്ങൾ ലഭിക്കുന്നത് എന്ന അവസ്ഥ നിലവിലുണ്ട്. ഇത് പരിഹരിക്കപ്പെടണം. ഗവേഷണാത്മക അധ്യാപനം പ്രോത്സാഹിപ്പിക്കുന്നതിന്നും പുതിയ അറിവുകൾ നേടി നാം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നും കഴിയണം ഡയറ്റ്, ബി ആർ സി, തുടങ്ങിയ സംവിധാനങ്ങളുടെ ഇടപ്പ ടൽ ഈ മേഖലയിൽ തുലോം കുറവാണ്. ഭിന്ന നിലവാരക്കാരെയും ഭിന്നശേഷിക്കാരേയും മികവിലേക്കുനയിക്കുന്ന നൂതന തന്ത്രങ്ങളും ടീച്ചർമാരെ പരിചയപ്പെടുത്തണം പത്തുവർഷത്തിലോരിക്കൽ ദീർഘകാല പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ ഓരോ ടീച്ചർമാർക്കും അവസരമൊരുക്കണം.

### 4. സാമൂഹിക പങ്കാളിത്തം.

വിദ്യാലയ രക്ഷാകതൃസമിതി, സ്കൂൾ മാനേജ്മെന്റ് കമ്മറ്റി, സ്കൂൾ വികസന സമിതി, മദർ പിടിഎ, വിദ്യാലയ സഹായ സമിതി, ഉച്ചഭക്ഷണ സമിതി, പഞ്ചായത്ത് വിദ്യാഭ്യ സമിതി, തുടങ്ങി നിരവധി സാമൂഹിക സമിതികൾ വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. എല്ലാ സമിതികളും ഈ വിദ്യാലയത്തിലും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പിടിഎ ഒഴികെ മറ്റു സമിതികളെല്ലാം നാമമാത്രമായി മാത്രമാണ് സ്കൂൾ പ്രവർത്തനങ്ങളിൽ ഇടപെടുന്നത്. പിടിഎ കമ്മറ്റിയാണ് നിലവിൽ സമൂഹവുമായി സ്കൂളിനെ കണ്ണിചേർക്കുന്നത് വിദ്യാലയവികസന കാഴ്ചപാട് എല്ലാ സമിതി അംഗങ്ങളിലേക്കും വിനിമയം ചെയ്യാൻ ഇനിയും നമുക്ക് സാധിച്ചിട്ടില്ല. അവരുടെ റോൾ എന്തെന്നും അതിന്റെ പ്രാധാന്യം എത്രമാണെന്നും ഓരോ അംഗത്തേയും ബോധ്യപ്പെടുത്തുന്നതിനുള്ള പരിപാടികളുടെ അഭനിലനില്കുന്നു. സമൂഹത്തിന്റെ ഉടമസ്ഥതയിലാണ് സ്ഥാപനം എന്ന യാഥാർത്ഥ്യം ഇന തിരിച്ചറിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഒരു ദശാബ്ദത്തോളമായി സമീപ പ്രദേശത്തുള്ള എല്ലാ കുട്ടികളേയും സ്കൂളിലെത്തിക്കാൻ നമുക്ക് കഴിയുന്നില്ല. പൂർവ്വവിദ്യാർത്ഥികളെ വിദ്യാലയത്തിന്റെ വികസനത്തിന്റെ മുൻനിരയിലേക്ക് എത്തിക്കേണ്ടതുണ്ട്. കണ്ണിപറമ്പിലെ ഓരോ വീട്ടിലും സ്കൂളിലെ പൂർവ്വവിദ്യാത്ഥികളുണ്ട് അവരുടെ കഴിവും അറിവും ശേഷിയും വിദ്യാലയത്തിന്റെ മികവിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.

### 5. സഹായ സംവിധാനം

ഔദ്യോഗികവും അനദ്യോഗികവുമായ സഹായസംവിധാനങ്ങൾ വിദ്യാലയ ലഭ്യമാക്കുന്നവിധമാണ് പാഠ്യപദ്ധതിരൂപപ്പെടുത്തിയിരിക്കുന്നത്. പ്രഥമാധ്യാപിക, ഉപജില്ല വിദ്യാഭ്യാസ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഡയറ്റ്, ബി ആർ സി ആർ ജി തുടങ്ങിയ ഔദ്യോഗിക സംവിധാനങ്ങൾ ഫലപ്രദമായ പാഠ്യപദ്ധതി വിനിമയത്തിന് സഹായം നൽകാൻ ബാധ്യസ്ഥരായ സംവിധാനങ്ങളാണ്. പ്രഥമാധ്യാപികയുടെ പൂർണ്ണമായ സാന്നിധ്യം വിദ്യാലയത്തിലുണ്ട്. ഇത് വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അനുകൂല സാഹചര്യമാണ്. വിദ്യാഭ്യാസ ഉപജില്ലാ ഓഫീസറും നാട്ടുകാരനായത് സ്കൂളിന് ഗുണകരമായി അന്തരീക്ഷ മൊരുക്കുന്നു. വിദ്യാലയം സന്ദർശിച്ചും ക്ലാസുകൾ നിരീക്ഷിച്ചും ആവശ്യമായ നിർദ്ദേശങ്ങൾ നല്കാൻ രണ്ടു മേലധികാരികൾക്കും സാധിക്കുന്നു എന്നത് സ്വാഗതാർഹം തന്നെ. എന്നാൽ ബി ആർ സി, ഡയറ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള തത് സ്ഥല സഹായ പരിപാടികൾ കൂടുതൽ ആവശ്യമായ സാഹചര്യം നിലവിലുണ്ട്. പാഠ്യപദ്ധതി പരിഷ്കരണം, പാഠപുസ്തക നവീകരണം, പുതിയ പരീക്ഷാ സമ്പ്രദായം എന്നിവയിൽ വ്യക്തത ടീച്ചർമാർക്കും രക്ഷിതാക്കൾക്കും നൽകുന്നതിന് ഇത് അനിവാര്യമാണ്. എസ്. ആർ.ജി നടക്കുന്നതിനുള്ള സമയം കൃത്യമായി നിർദ്ദേശിക്കാത്ത അവസ്ഥയിലായതിനാൽ ലഭ്യമായ സമയത്താണ് അത് നടക്കുന്നത്. ടീച്ചർമാരും ഇത് കൂടുതൽ കാര്യക്ഷമമാകുന്നതിനുള്ള ഇടപെടൽ ആവശ്യമാണ്. എസ് ആർ ജി യിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള സംവിധാനങ്ങളും കുറവാണ്. ടീച്ചർ ടെക്സ്റ്റ് യഥാസമയം ലഭിക്കാത്തതും പഠന പ്രക്രിയയെ ബാധിക്കുന്ന ഘടകമാണ്. അറിവു നിർമ്മാണത്തിലധിഷ്ഠിതമായ പഠനപ്രക്രിയ, നിരന്തരവിലയിരുത്തൽ ഉൾചേർന്ന പഠനം ഭിന്നശേഷിക്കാരെ ഉൾക്കൊള്ളൽ തുടങ്ങിയ മേഖലകളിൽ സഹായം അനിവാര്യമാണ്.

# മികവുകളും പ്രശ്നങ്ങളും

## മികവുകൾ

1 . ഒന്നു മുതൽ നാലു വരെ ക്ലാസിലെ കുട്ടികളിൽ 80% പേർക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച പഠന ലക്ഷ്യങ്ങൾ ശരാശരിക്ക് മുകളിൽ മറ്റാൻ കഴിയുന്നുണ്ട്.

2 . പഠനത്തിന് ആവശ്യമായ അടച്ചുറപ്പുള്ള വൈദ്യുതീകരിച്ച പൊടിരഹിതമായ ക്ലാസ് മുറി, യോഗങ്ങൾ നടത്തുന്നതിന് സഹായകമായ ഹാൾ, പ്രഥമ അധ്യാപകന്റെ മുറി എന്നിവയുണ്ട്.

3 . സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറികളും പ്രവർത്തിക്കുന്നു

4. ശക്തമായി പ്രവർത്തിക്കുന്ന രക്ഷാകർത്ത്യ സമിതിയുണ്ട്.

5. വിദ്യാലയത്തിൽ ഗുണമേന്മയുള്ള ടീച്ചർമാരും പ്രഥമാധ്യാപികയും ഉണ്ട്.

6. ഉച്ചഭക്ഷണ പരിപാടി ഫലപ്രദമായി നടക്കുന്നുണ്ട്.

7. സ്ക്കൂളും പരിസരവും ശുചിയായി സൂക്ഷിക്കുന്നു. മുറ്റം ടൈൽസ് ഇട്ട് വൃത്തിയാക്കിയിട്ടുണ്ട്.

8. സ്ക്കൂളിലേക്ക് കുട്ടികളെ കൊണ്ടുപോകാനും കൊണ്ടുവരാനും ആയി സ്വന്തമായി വാഹനമുണ്ട്.

9. ഗ്രാമപഞ്ചായത്ത്, എം.എൽ.എ, എം.പി. എന്നിവരുടെ സഹായം ലഭിക്കുന്നുണ്ട്.

10. പ്രാദേശിക സാധ്യതകളെ പ്രയോജനപ്പെടുത്തുന്നുണ്ട്.

11. പി.ടി.എ. നടത്തുന്ന പ്രീപ്രൈമറി വിഭാഗമുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാലയത്തിലെ ഓരോ കുട്ടിക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും ധാരണകളും നൈപുണ്യങ്ങളും മൂല്യങ്ങളും മനോഭാവങ്ങളും പ്രതീക്ഷിത നിലവാരത്തിൽ ആർജിക്കാൻ കഴിക്കുന്നില്ല.

2. എല്ലാ കുട്ടികളുടെയും സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിലും ഗണിതം, പരിസര പഠനം തുടങ്ങിയ വിഷയങ്ങളിലും പ്രതീക്ഷിത മികവിലേക്ക് ഉയരാൻ സാധിക്കുന്നില്ല.

4. വിദ്യാലയത്തിന്റെ സമീപപ്രദേശത്തുള്ള കുട്ടികൾ വിദ്യാലയത്തിൽ പ്രവേശനം നേടുന്നില്ല.

5. പ്രാദേശിക സമൂഹത്തിന്റെ പിന്തുണ വേണ്ടവിധം സ്കൂളിനും ലഭിക്കുന്നില്ല.

6. ദിനാചരണ പ്രവർത്തനങ്ങൾ പഠനവുമായി ബന്ധിപ്പിക്കാനോ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാനോ കഴിയുന്നില്ല.

7. എല്ലാ വിഷയത്തിലും 'എ' ഗ്രേഡ് കുട്ടികൾക്ക് എൽ.എസ്.എസ്. നേടാൻ കഴിയുന്നില്ല.

8. കലാകായിക പ്രവർത്തിപരിചയ പ്രവർത്തനങ്ങൾക്ക് പ്രാദേശിക വിദഗ്ധരുടെ സഹായം ലഭിക്കുന്നില്ല. പ്രാദേശിക കലാരൂപങ്ങൾ കാണാൻ അവസരമില്ല.

9. ഗണിതാശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുവാൻ കഴിയുന്നില്ല.

10. ക്ലാസ്, സ്കൂൾതല സമയ വിഭവ മാനേജ്മെന്റ് സംബന്ധിച്ച ഗവേഷണാത്മക അന്വേഷണം നടക്കുന്നില്ല.

# പ്രശ്ന വിശകലനവും പ്രവർത്തന പരിമിതികളും

## പ്രശ്നം 1

പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ പഠന ലക്ഷ്യങ്ങളും ഓരോ കുട്ടിക്കും പ്രതീക്ഷിത നിലവാരത്തിൽ ആർജ്ജിക്കുവാൻ കഴിയുന്നില്ല.

| കാരണങ്ങൾ | നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1. ഭിന്ന നിലവാരം പരിഗണിച്ച് അനുവാദം നൽകുന്നില്ല. | മുൻ ക്ലാസിലെ ശേഷി നില വിലയിരുത്തൽ | പ്രീ ടെസ്റ്റ് |
| 2. മുൻ ക്ലാസ്സിൽ നേടേണ്ട ശേഷികൾ ആർജിക്കാത്ത അവസ്ഥ | ശേഷികൾ അതാതു നേടുന്നു എന്നുറപ്പിക്കാം | ക്ലാസ്സിൽ പുഠാസൂത്രണ ശില്പശാല |
| 3. പഠനത്തോടുള്ള താല്പര്യക്കുറവ് | ആകർഷകമായ പഠന രീതി ആവിഷ്ക്കരിക്കൽ | ശില്പാശാലകൾ (പഠനോപകരണം, നാടകം,കവിത, കഥ) |
| 4. പിന്നോക്കക്കാരെ പ്രത്യേകം പരിഗണിക്കുന്നില്ല. | പിന്നോക്കക്കാരെ പരിഗണിക്കുന്ന ആസൂത്രണം | രക്ഷാകർത്താക്കൾക്കുള്ള ശില്പശാല |
| 5. സമയക്കുറവ് | നഷ്ടപ്പെടുന്ന പഠനസമയം കണ്ടെത്തൽ | ,, |
| 6. എല്ലാവരെയും ഉൾക്കൊള്ളുന്ന ആസൂത്രണം നടത്താൻ കഴിയുന്നില്ല. | നിലവാരക്കാരെ പരിഗണിക്കുന്ന സൂക്ഷ്മതല പാഠാസൂത്രണം. | |
| 7. പഠന സാമഗ്രികളുടെ അഭാവം | പഠനോപകരണത്തിന്റെ ഉപയോഗം | ,, |
| 8. വീടുകളിലെ പ്രതികൂലമായ പഠന സാഹചര്യം | രക്ഷാകർത്തൃ ബോധവല്ക്കരണം | |
| 9. പഠനത്തെക്കുറിച്ച് രക്ഷിതാക്കളുടെ ധാരണക്കുറവ് | ,, | ,, |
| 10. പി.ടി. എ മീറ്റിംഗിൽ എല്ലാ രക്ഷിതാക്കളും വരുന്നില്ല. | | ,, |

,,

## പ്രവർത്തനം 1.1 പ്രീ ടെസ്റ്റ്

കുട്ടികളുടെ പഠനനില കണ്ടെത്തുന്നതിന് വേണ്ടിയുള്ള വിലയിരുത്തലാണിത്. മുൻ ക്ലാസിലെ ഓരോ വിഷയത്തിന്റെയും ഉയർന്ന ശേഷി പരിഗണിച്ചായിരിക്കണം വിലയിരുത്തൽ പ്രവർത്തനം. പഠന പ്രവർത്തനം എന്ന രീതിയിൽ ക്ലാസിൽ സാധാരണ പോലെ നടപ്പാക്കണം. പ്രത്യേകം പേപ്പറിൽ എഴുതി വാങ്ങണം. ഭാഷ, ഗണിതം, ഇവിഎസ്, ഇംഗ്ലീഷ് എന്നീ നാല് പ്രവർത്തനങ്ങൾ നൽകിയാൽ മതിയാവും അതിൽ നിന്നും കുട്ടിയുടെ നിലയിരുത്തൽ സൂചകങ്ങൾ വെച്ച് കണ്ടെത്തി ഓരോ കുട്ടിയുടെ അവസ്ഥ എഴുതി തയ്യാറാക്കണം.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| പ്രീ ടെസ്റ്റിനുള്ള പ്രവർത്തനം തയ്യാറാക്കൽ | ക്ലാസ് ടീച്ചർ | മെയ് എസ്.എം.സി. | എസ്.ആർ.ജി. എച്ച് എം |
| പ്രീ ടെസ്റ്റ് തീയതി പീരിയഡ് നിശ്ചയിക്കൽ | ക്ലാസ് ടീച്ചർ | മെയ് | എസ്.ആർ.ജി. എച്ച് എം |
| പ്രീ ടെസ്റ്റ് നടത്താൻ | ക്ലാസ് ടീച്ചർ | ജൂൺ 2 | എസ്.ആർ.ജി. എച്ച് എം |
| പ്രീ ടെസ്റ്റ് വിലയിരുത്തൽ വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കൽ | ക്ലാസ് ടീച്ചർ | ജൂൺ 5 | എസ്.ആർ.ജി. എച്ച് എം എസ്.എം.സി. |
| എസ്.ആർ.ജി. അവതരണം സ്കൂൾ റിപ്പോർട്ട് തയ്യാറാക്കൽ | എസ് ആർ എച്ച് എം | ജൂൺ 8 | എസ്.ആർ.ജി. എച്ച് എം എസ്.എം.സി. |
| സ്കൂൾ തല ക്രോഡീകരണം തുടർ പ്രവർത്തനം | എസ് ആർ ജി/എച്ച് എം. | ജൂൺ 10 മുതൽ | എസ്.ആർ.ജി. എച്ച് എം എസ്.എം.സി. |

## പ്രവർത്തനം 1.2

## പ്രാഠാസൂത്രണ ശില്പശാല

അറിവു നിർമ്മാണ ഘട്ടങ്ങൾ ഉറപ്പാക്കുന്ന പ്രക്രിയാ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവും, ശിശു കേന്ദ്രിതവും നിരന്തര വിലയിരുത്തൽ ഉറപ്പാക്കുകയും ചെയ്യുന്നതിന് സഹായകമായ സൂക്ഷ്മതല പാഠാസൂത്രണം അനിവാര്യമാണ്. ഇത് വ്യക്തിഗതമായി തയ്യാറാക്കുന്നതിന് ആവശ്യമായ ധാരണ നൂതന ബോധന രീതികൾ ആധുനിക മനഃശാസ്ത്രതത്വങ്ങളും തത്വശാസ്ത്രങ്ങളും ഉൾച്ചേർക്കൽ, സമയ മാനേജ്മെന്റ്, ഉള്ളടക്കം, സമയം, സാമഗ്രികൾ കണ്ടെത്താനുള്ള പരിമിതി എന്നിവ തടസ്സമാകുന്നുണ്ട് ഇത് പരിഹരിക്കുന്നതിന് അധ്യാപകകൂട്ടായ്മയിലൂടെ ശില്പശാലകളിൽ വച്ച് സൂക്ഷ്മതല പാഠാസൂത്രണം വിദഗ്ധരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നതിന് ടീച്ചർമാർക്ക് സഹായം നൽകണം ഇങ്ങനെതയ്യാറാക്കുന്ന പാഠാസൂത്രം നടപ്പാക്കാനുള്ള മനോഭാവം ടീച്ചർ സമൂഹം ഏറ്റെടുക്കുകയാണെങ്കിൽ ഇന്ന് ക്ലാസ് മുറിയിൽ കാണുന്ന പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയും

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം ശില്പശാലകളുടെ ദിവസം കണ്ടെത്തൽ | എസ്.ആർ.ജി | മെയ് 15 | പി.ടി.എ. എച്ച്.എം. എസ്.എം.സി |
| അധ്യാപകരെയും ക്ലാസ് തല വിദഗ്ധരെയും കണ്ടെത്തൽ വിവരമറിയിക്കൽ | എസ്.ആർ.ജി | മെയ് 15 | പി.ടി.എ. എച്ച്.എം. എസ്.എം.സി |
| ശില്പശാല സംഘടനം, ആസൂത്രണ രേഖ തയ്യാറാക്കൽ പഠന സാമഗ്രികൾ ഐസിടി ഉൾപ്പെടെ കണ്ടെത്തൽ | വിഷയ സമിതി | മെയ് 20 സെപ്റ്റം. 15 ഡിസം. 20 | 2000 പി.ടി.എ. എച്ച്.എം എസ്.എം.സി |
| ആസൂത്രണ രേഖയും സാമഗ്രികളുംമെച്ചപ്പെടുത്തലും വോയിസ് ടൈപ്പ് ചെയ്യലും | വിഷയ സമിതി | മെയ് 25 സെപ്റ്റം. 20 ഡിസം. 30 | 1000 പി.ടി.എ. എച്ച്.എം എസ്.എം.സി |
| ക്ലാസിൽ പ്രയോഗിക്കലും വിലയിരുത്തലും | ടീച്ചർ/എച്ച് എം | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. എച്ച്.എം എസ്.എം.സി |

## പ്രവർത്തനം 1.3

## കഥ കവിത നാടക ശില്പശാലകൾ

നാലാം ക്ലാസ് കഴിയുമ്പോഴേക്കും 30 ലേറെ ഭാഷാവ്യവഹാരം രൂപങ്ങൾ കുട്ടി പഠിക്കേണ്ടതുണ്ട് അവയിലൂടെ കേവലം കടന്നു പോയാൽ പോരാ, ഓരോ വ്യവഹാര രൂപവും നിശ്ചിത നിലവാരത്തിൽ വായിച്ചു ആശയം ഗ്രഹിക്കാനും ആസ്വാദനംശങ്ങൾ കണ്ടെത്താനും സർഗാത്മക രചനകൾ നടത്താനും കുട്ടിക്ക് കഴിയണം. അതിനു സഹായകമായ രീതിയിൽ ടീച്ചർമാരെ സന്നദ്ധരാക്കുന്നതിനും കുട്ടികൾ പങ്കെടുപ്പിച്ച് ക്യാമ്പുകൾ നടത്തുന്നതിനും ടീച്ചർമാർക്ക് ശേഷിയും നൈപുണ്യവും വളരേണ്ടതുണ്ട്. അതിനു അവശ്യമായ ശില്പശാലകൾ വിദ്യാലയത്തിൽ ആസൂത്രണം ചെയ്യണം. മറ്റു വിദ്യാലയങ്ങളിലെ ടീച്ചർമാരെയും ഇതിൽ പങ്കെടുപ്പിക്കാവുന്നതാണ്.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | ജൂൺ 15 | പി.ടി.എ.<br>എച്ച്.എം.<br>എസ്.എം.സി |
| വിദഗ്ധരുടെയും പങ്കാളികളുടെയും വിവരമറിയിക്കൽ | എസ്.ആർ.ജി | ജൂൺ 15 | പി.ടി.എ.<br>എച്ച്.എം.<br>എസ്.എം.സി |
| ശില്പശാല സംഘടനം, | എസ്.ആർ.ജി | ജൂൺ നാലാമത്തെ ശനിയാഴ്ച | 5000 പി.ടി.എ.<br>എച്ച്.എം.<br>എസ്.എം.സി |
| കുട്ടികളുടെ ശില്പശാല | എസ്.ആർ.ജി | ജൂലൈ, ഒക്ടോബർ രണ്ടാമത്തെ ശനിയാഴ്ച | 2000 പി.ടി.എ.<br>എച്ച്.എം<br>എസ്.എം.സി |

## പ്രവർത്തനം 1.4

## പഠനോപകരണ ശില്പശാല

പാഠാസൂത്രണത്തെ തുടർന്ന് ആവശ്യമായ പഠനോപകരണങ്ങൾ ഐസിടി ഉൾപ്പെടെ എന്തെല്ലാമെന്ന് കണ്ടെത്തുന്നതിനും സമഗ്ര + മറ്റ് വിഭവങ്ങൾ എല്ലാ വിഷയങ്ങൾക്കും ആവശ്യമായ പഠന സാമഗ്രികൾ അധ്യാപകരും രക്ഷിതാക്കളും ചേർന്ന് വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കി ഫലപ്രദമായി ഉപയോഗിക്കാനുള്ള അവസരം ഒരുക്കണം.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | മെയ് 20 | പി.ടി.എ.<br>എച്ച്.എം.<br>എസ്.എം.സി |
| വിദഗ്ധരുടെയും പങ്കാളികളെയും സംഘടിപ്പിക്കാൻ | എസ്.ആർ.ജി | മെയ് 20 | പി.ടി.എ.<br>എച്ച്.എം.<br>എസ്.എം.സി |
| ആവശ്യമായ സമഗ്രികൾ വാങ്ങൽ നിർമ്മാണ ശില്പശാല | എസ്.ആർ.ജി | മെയ് 22 – 23 | 3000 പി.ടി.എ.<br>എച്ച്.എം.<br>എസ്.എം.സി<br>എച്ച്.എം.<br>എസ്.എം.സി |
| ഓരോ വിഷയത്തിനും ആവശ്യമായ എണ്ണം പഠനോപകരണം ഡിജിറ്റലായും ഉപകരണമായും തയ്യാറാക്കൽ | എസ്.ആർ.ജി | മെയ് 28 | പി.ടി.എ.<br>എച്ച്.എം.<br>എസ്.എം.സി |

## പ്രവർത്തനം 1.5

## രക്ഷാകർതൃ ശാക്തീകരണം

കുട്ടികളുടെ പ്രകൃതം പാലിക്കുന്ന രീതി പുതിയ പാഠ്യപദ്ധതി സമീപനങ്ങൾ പഠന ലക്ഷ്യങ്ങൾ എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതിനുള്ള ബോധ്യപ്പെടുത്തുന്നതിനും കുട്ടിയുടെ പഠന ത്തിൽ അവരുടെ റോൾ സാധ്യപ്പെടുത്തുന്നതിനും അവരുടെ സംശയങ്ങൾ തീർക്കുന്നതിനും സഹായ കമായ ഒരു ശാക്തീകരണ പരിപാടി വിദ്യാലയത്തിൽ ഓരോ ടീമിലും നടക്കണം.

രക്ഷാകർതൃ ശാക്തീകരണം (മൂന്ന് ടേമിലും ഒരുതവണ വീതം)

| **ഉപ പ്രവർത്തനം** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| ആശയ രൂപീകരണം<br>തീയതി നിശ്ചയിക്കൽ പിടിഎ പങ്കാളിത്തത്തോടെ | എസ്.ആർ.ജി | ജൂൺ ആദ്യശനി | പി.ടി.എ.<br>എച്ച്.എം.<br>എസ്.എം.സി |
| ശാക്തീകരണ മോഡ്യൂൾ തയ്യാറാക്കൽ വിദഗ്ധരുടെ പങ്കാളിത്തത്തോടെ | എസ്.ആർ.ജി | ജൂൺ 15ന് മുമ്പ് | എച്ച്.എം.<br>പി.ടി.എ. |
| ശാക്തീകരണ പരിപാടി | പി.ടി.എ.<br>എസ്.ആർ.ജി | ജൂൺ മൂന്നാമത്തെ ശനിയാഴ്ച | പി.ടി.എ. 2000<br>എച്ച്.എം. |
| വിലയിരുത്തൽ | പി.ടി.എ. | ജൂൺ | പി.ടി.എ.<br>എച്ച്.എം. |

**പ്രവർത്തനം 2**

എല്ലാ കുട്ടികളുടെയും സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടത്ര പ്രാധാന്യം നൽകാൻ കഴിയുന്നില്ല.

| **കാരണങ്ങൾ** | **നിർദ്ദേശങ്ങൾ** | **സാമ്പത്തികം/ സംവിധാനം** |
| --- | --- | --- |
| കുട്ടികളുടെ സർഗ്ഗശേഷി തിരിച്ചറിയുവാന് ശ്രമിക്കുന്നില്ല സംവിധാനമില്ല | എല്ലാവർക്കും അവസരം ഒരുക്കുക | അനുദിനം അവസരം |
| സ്ക്കൂളിൽ വേണ്ടത്ര അവസരങ്ങൾ എല്ലാവർക്കും ലഭിക്കുന്നില്ല. | പ്രാദേശിക വിദഗ്ധരെ കണ്ടെത്തുക | പ്രാദേശിക വിഭവ ഭൂപടം |
| എല്ലാ കുട്ടികളും താല്പര്യവും കാണിക്കുന്നില്ല | രക്ഷകർത്താക്കളിൽ നിന്നും അവബോധം ഉണ്ടാക്കുക | രക്ഷാകർതൃ ശിൽപ്പശാല |
| രക്ഷിതാക്കൾ പരീക്ഷാ വിജയത്തിന് പ്രാധാന്യം നൽകുന്നു. | രക്ഷിതാക്കളെ ശാക്തീകരിക്കൽ | |
| കുട്ടികളെ വിവിധ മേഖലയിൽ പരിശീലിപ്പിക്കാൻ വിദഗ്ധരില്ല | പ്രാദേശിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ | |

**പ്രവർത്തനം 2.1**

പഠന പ്രക്രിയയുടെ ഭാഗമായിത്തന്നെ കുട്ടികളുടെ സർഗ്ഗശേഷി കണ്ടെത്താനും വിലയിരുത്താനും പ്രോത്സാഹിപ്പിക്കാനും ടീച്ചർമാർക്കും രക്ഷിതാക്കൾക്കും കഴിയണം അസംബ്ലി സർഗ്ഗവേള സാഹിത്യ സമാജങ്ങൾ തുടങ്ങിയ സന്ദർഭങ്ങളും ഇതിനായി ഉപയോഗപ്പെടുത്താം. അതിനുപുറമേ ദിവസനേ15 മിനിറ്റ് 45 പി.എം. മുതൽ 2 പി.എം. വരെ സ്ക്കൂളിലെ മുഴുവൻ കുട്ടികളും ഒരിടത്ത് സമ്മേളിക്കുകയും ഓരോ ദിവസവും ഓരോ ക്ലാസിലെ ഗകുട്ടികൾ പരിപാടി അവതരിപ്പിക്കുകയും വേണം. ഇങ്ങനെ വരുമ്പോൾ എല്ലാ കുട്ടികൾക്കും അവസരം ഉറപ്പാക്കാൻ കഴിയും പരിപാടി വിജയിപ്പിക്കുന്നതിന് ടീച്ചർമാരുടെയും രക്ഷിതാക്കളുടെയും സഹായം ഉറപ്പാക്കണം. രക്ഷിതാക്കളോ അധ്യാപകരോ പരിപാടി വീക്ഷിച്ച് അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

| **ഉപ പ്രവർത്തനം** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | ജൂലൈ | എച്ച്.എം.<br>എസ്.എം.സി |
| അവതരണ ഇനങ്ങൾ ഓരോ മാസത്തേക്കും ഉള്ള പട്ടിക തയ്യാറാക്കൽ അവതരണം | എസ്.ആർ.ജി | ജൂലൈ മുതൽ മാർച്ച് വരെ | എസ്.ആർ.ജി.<br>എച്ച്.എം. |
| പരിപാടികളുടെ വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കി ചർച്ച മെച്ചപ്പെടുത്തണം | എസ്.ആർ.ജി | ആഗസ്റ്റ്<br>ഡിസംബർ<br>മാർച്ച് | എസ്.ആർ.ജി. എച്ച്.എം |
| ഡോക്യുമെന്റേഷൻ | എസ്.ആർ.ജി | മാർച്ച് | എസ്.ആർ.ജി. എച്ച്.എം |

**പ്രവർത്തനം 2.2**
**പ്രാദേശിക വിഭവ പടം**

വിദ്യാലയത്തിന്റെ സമീപ പ്രദേശങ്ങളിലുള്ള വിവിധ മേഖലയിൽ വിദഗ്ധരായ വ്യക്തികൾ സാമൂഹ്യസ്ഥാപനങ്ങൾ ചരിത്രപ്രസിദ്ധമായ സ്ഥലങ്ങൾ എന്നിവ രേഖപ്പെടുത്തുകയും വിലാസവും ഫോൺ നമ്പറും ശേഖരിച്ച് എഴുതിവെക്കുകയും ചെയ്യുന്ന രേഖയാണ് പ്രാദേശിക വിഭവ പടം. സാധ്യമെങ്കിൽ പ്രാദേശിക ഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്യാം നിലവിലുള്ള പാഠ്യപദ്ധതി അന്വേഷണാത്മകവും ഗവേഷണാത്മകവുമായ പഠനത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. അതിനാൽ വിവരശേഖരണത്തിനായി നിരവധി സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടിവരും ദുര സ്ഥലങ്ങളിൽ നിന്നെത്തുന്ന ടീച്ചർമാർക്ക് നാട്ടിലുള്ള വിഭവസ്രോതസ്സുകളെ കുറിച്ച് വേണ്ടത്ര അറിയണമെന്നില്ല ഈ സാഹചര്യത്തിലാണ് പ്രാദേശിക വിഭവ പടം പ്രസക്തമാക്കുന്നത്. പഠന പ്രക്രിയയുടെ ഭാഗമായി ഫീൽഡ് ട്രിപ്പുകൾ, അഭിമുഖങ്ങൾ, വിവര ശേഖരണം എന്നിവ അനിവാര്യമാണ് ഈ ഘട്ടങ്ങളിൽ ടീച്ചറെ സഹായിക്കുന്ന ഒരു വിഭവസ്രോതസ്സാണ് പ്രാദേശിക വിഭവ പടം.

| **ഉപ പ്രവർത്തനം** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | ജൂൺ | എച്ച്.എം.<br>പിടിഎ |
| പ്രാദേശിക വിഭവ ശേഖരണ പരിപാടി | എസ്.ആർ.ജി | ജൂൺ | പിടിഎ<br>എച്ച്.എം. |
| പാദേശിക വിഭവ പടം തയ്യാറാക്കൽ | എസ്.ആർ.ജി | ജൂൺ | 1000 പിടിഎ |
| പ്രാദേശിക വിദഗ്ധരെ ആദരിക്കൽ | പിടിഎ | ജൂലൈ | 2000 പിടിഎ<br>എച്ച്.എം. |
| എൽ ആർ എം പഠനപ്രക്രിയയുടെ ഭാഗമാക്കൽ | ടീച്ചർ മാർ | ജൂലൈ മുതൽ | എച്ച്.എം.<br>പിടിഎ |

**പ്രവർത്തനം 3**

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലും ഗണിതം, പരിസര പഠനം എന്നീ വിഷയങ്ങളിൽ മികവിലേക്ക് ഉയരാൻ സാധിക്കുന്നില്ല.

| **കാരണങ്ങൾ** | **നിർദ്ദേശങ്ങൾ** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|
| ഓരോ വിഷയത്തിലും പഠനത്തിൽ കുട്ടി നേരിടുന്ന പ്രയാസങ്ങൾ തിരിച്ചറിയുന്നില്ല. | ഓരോ വിഷയത്തിന്റെയും പഠനലക്ഷ്യങ്ങൾ ടോം തരത്തിൽ തയ്യാറാക്കി കുട്ടികളുടെ നിലവിലയിരുത്തുക | പഠന ലക്ഷ്യങ്ങൾ വെച്ച് കുട്ടികളെ വിലയിരുത്തൽ സർഗോത്സവം |
| ഐസിടി അടക്കമുള്ള പഠനേ പകരണങ്ങളുടെ അഭാവം | അറിവ് നിർമ്മാണ ഘട്ടങ്ങൾ പാലിച്ച് ആസൂത്രണം ചെയ്യുക | പഠാസൂത്രണ ശില്പശാല |
| നിരന്തര വിലയിരുത്തലും തുടർ പ്രവർത്തനങ്ങളും നടക്കുന്നില്ല | എഡിറ്റിംഗ് പ്രക്രിയ നിരന്തര വിലയിരുത്തൽ പഠനപ്രക്രിയയുടെ ഭാഗമാക്കുക | |
| അധ്യാപക ശാക്തീകരണ പരിപാടികളുടെ അഭാവം | പതിമാസം അധ്യാപക സംഗമങ്ങൾ നടത്തുക | പ്രതിമാസ ക്ലസ്റ്റർ |
| തത്സഥലസഹായം ലഭിക്കുന്നില്ല | ക്ലാസ്സ് ലൈബ്രറി ലാബ് ഉപയോഗപ്പെടുത്തുക | ക്ലാസ്സ് കേണിറ്ററിംഗ് |
| ക്ലാസ് ലൈബ്രറി ക്ലാസ് ലാബ് എന്നിവ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല | ഐസിടി സൗകര്യം ഒരുക്കുക | ക്ലാസ് ലൈബ്രറി കുഞ്ഞുവായന |
| അറിവ് നിർമ്മാണം ്നിർമ്മാണത്തിൽഅധിഷ്ഠിതമായ ആസൂത്രണവും എഡിറ്റിങ്ങും നടക്കുന്നില്ല | ചലനാത്മകങ്ങളുടെ ശിശു സൗഹൃദപരവുമായ ക്ലാസ് മുറിക്കുക | വിവിധ ശില്പശാലകൾ |
| ഐസിടി അടിസ്ഥാന സൗകര്യമില്ല | പ്രാദേശിക സാധ്യതകൾ പഠനങ്ങളിൽ ഉപയോഗിക്കുക | ഐ.സി.ടി. സൗകര്യം ഒരുക്കൽ |
| പഠനാന്തരീക്ഷത്തിന്റെ അഭാവം | രക്ഷിതാക്കളുടെ പങ്കാളിത്തം പഠനത്തിൽ ഉറപ്പാക്കുക | എൽ ആർ. എം. ഉപയോഗിക്കൽ |
| ഉൽപന്നങ്ങൾ പ്രദർശിപ്പി ക്കുവാനുള്ള സൗകര്യമില്ല. | സൗകര്യമൊരുക്കൽ | പിൻബോർഡ് സ്ഥാപിക്കൽ |
| ഫീൽഡ് ട്രിപ്പുകൾ ഫലപ്രദമല്ല | അനുയോജ്യമായ ഫീൽസ്ട്രിപ്പ് നടത്തുക | ഫീൽസ്ട്രിപ്പ് കലണ്ടർ |
| രക്ഷിതാക്കളുടെ സഹായം വേണ്ടത്ര ലഭിക്കുന്നില്ല | രക്ഷിതാക്കളുടെ ശാക്തീകരണം 21 | ശില്പശാലകൾ |
| സമയക്കുറവ് | നഷ്ടപ്പെടുന്ന സമയം കണ്ടെത്തൽ | ഒഴിവു ദിവസ ക്ലാസ്സ് |

**പ്രവർത്തനം 3.1**
**പഠനോത്സവം**

പഠനം ആനന്ദകരമായ ഒരു പ്രക്രിയയായി മാറണം. കുട്ടി നേടേണ്ട കാര്യങ്ങൾ മികച്ച നിലയിൽ നേടുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും നേടുകയും ചെയ്യുമ്പോഴാണ് സന്തോഷം ഉണ്ടാകുന്നത് അപ്പോൾ ഓരോ ടേമിലും കുട്ടികൾ നേടേണ്ട കഴിവുകൾ എന്തെല്ലാം എന്ന് മുൻകുട്ടി പ്രഖ്യാപിക്കണം. രക്ഷിതാക്കൾക്കും കുട്ടികൾക്കും അറിയുന്നതിനായി ക്ലാസ്സിൽ ചാർട്ട് ചെയ്ത് പ്രദർശിപ്പിക്കണം. അവ നേടുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണം. അതിന്റെ ഫലമായി അവർ നേടിയ കാര്യങ്ങൾ പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കാൻ കഴിയണം. ഇങ്ങനെ പഠനത്തിന്റെ സന്തോഷം വിളംബരം ചെയ്യുന്ന വേദിയാകണം പഠനോത്സവം

| **ഉപ പ്രവർത്തനം** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| ഓരോ വിഷയത്തിന്റെയും പഠന ലക്ഷ്യങ്ങൾ ചാർട്ട് ചെയ്യൽ പ്രദർശിപ്പിക്കൽ | ക്ലാസ് ടീച്ചർ | മെയ് 30 | എച്ച്.എം. |
| പ്രീടെസ്റ്റ് നടത്തി കണ്ടെത്തിയ പഠനനില പരിഗണിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് | എച്ച്.എം. |
| ഓരോ പ്രവർത്തനവും വിലയിരുത്തി ആവശ്യമായ സഹായ സഹായം നൽകാൽ മെച്ചപ്പെടുത്തൽ | ക്ലാസ് ടീച്ചർ | ജൂൺ, സപ്തംബർ, ജനുവരി | പിടിഎ എച്ച.എം. |
| രക്ഷിതാക്കളെ പഠന ലക്ഷ്യങ്ങൾ പരിചയപ്പെടുത്തൽ അവൽ നൽകേണ്ട സഹായം ബോധ്യപ്പെടുത്തൽ | ക്ലാസ് ടീച്ചർ | ജൂൺ സപ്തംബർ ജനുവരി | പിടിഎ. എച്ച.എം. |
| ഓരോ ആഴ്ചയിലെ സർഗ്ഗ വേളയിലും ടോമിന്റെ അവസാനത്തിൽ സർഗോത്സവത്തിലും കുട്ടികളുടെ മികവിന്റെ പ്രവർത്തനവും, പ്രദർശനവും പ്രകടനവും നടത്തി വിലയിരുത്തൽ | ക്ലാസ് ടീച്ചർ | സപ്തംബർ, ഡിസംബർ, ഫിബ്രവരി | പിടിഎ. |

**പ്രവർത്തനം 3.2**
**പ്രതിമാസ ക്ലസ്റ്റർ**

പ്രതിമാസ ക്ലസ്റ്റർ എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ക്ലാസ് തലത്തിൽ പഞ്ചായത്തിലെ ടീച്ചർമാർ ഒത്തുചേരുകയും ആവശ്യമെങ്കിൽ വിദഗ്ധരുടെ സഹായത്തോടെ പാഠാസൂത്രണം, ഉപകരണം, നിർമ്മാണം, അനുഭവം പങ്കുവെക്കൽ നിരന്തരവിലയിരുത്തൽ പ്രക്രിയ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യണം. അടുത്ത ഒരു മാസത്തെ ദിനാചരണങ്ങളെ എങ്ങനെ സമീപിക്കണമെന്ന് ധാരണ രൂപപ്പെടുത്തുന്നതിന് കഴിയണം. പഞ്ചായത്ത് തലത്തിൽ സാധിച്ചില്ലെങ്കിൽ വിദ്യാലയതലത്തിൽ താല്പര്യമുള്ള മറ്റ് സ്ക്കൂളിലെ ടീച്ചർമാരെ കൂടി ചർച്ചകൾ നടത്തേണ്ടതുമാണ്.

| **ഉപ പ്രവർത്തനങ്ങൾ** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| മുൻ മാസത്തെ പ്രവർത്തനം വിലയിരുത്തൽ | കൺവീനർ എസ്. ആർജി | മൂന്നാമത്തെ ശനിയാഴ്ച 45 മിനിറ്റ് | എച്ച് എം |
| പ്രശ്നങ്ങൾ പരിഹരിക്കും വിധം തയ്യാറാക്കി കൊണ്ടുവരുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മ സൂത്രണം വിഷയ ഗ്രൂപ്പുകൾ ചർച്ച | കൺവീനർ | 1 മണിക്കൂർ | എച്ച് എം |
| തയ്യാറാക്കി കൊണ്ടുവരുന്ന പഠനോപകരണങ്ങൾ നിർമ്മാണം അവതരണം | കൺവീനർ | 1 മണിക്കൂർ | എച്ച് എം |
| പൊതു അവതരണം ചർച്ച മെച്ചപ്പെടുത്തൽ | കൺവീനർ | 1 മണിക്കൂർ | എച്ച് എം |
| ദിനാചരണം ക്ലബ്ബ് പ്രവർത്തനം തയ്യാറാക്കി കൊണ്ടുവരുന്ന | കൺവീനർ | 1 മണിക്കൂർ | എച്ച് എം |

ധാരണകൾ അവതരണ ചർച്ച

**പ്രവർത്തനം 3.3**
**ക്ലാസ് ലൈബ്രറി**

എല്ലാ വിദ്യാലയങ്ങളിലും ഇന്ന് ക്ലാസ് ലൈബ്രറികൾ ഉണ്ട് എന്നാൽ അവ ഫലപ്രദമായി പ്രവർത്തിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ടോ എന്ന് വിശകലനം ചെയ്യണം. പിന്നാക്കക്കാരായ കുട്ടികളുടെ നിലവാരത്തിന് യോജിച്ച, വിവിധ വിഷയങ്ങൾ ഉള്ളടക്കമുള്ള വിവിധ ഭാഷയിലുള്ള പുസ്തകങ്ങൾ ഉറപ്പാക്കണം. അവ പഠനപ്രക്രിയയുടെ ഭാഗമായി ഉപയോഗിക്കുന്നതിനുള്ള ആസൂത്രണം ഉറപ്പാക്കണം. ക്ലാസ് ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ ആകർഷകമാവണം. പുസ്തകം സൂക്ഷിക്കുവാനുള്ള അലമാരയും ഇടവും വേണം. കുട്ടികൾക്കും അമ്മമാർക്കും വായിക്കാൻ അവസരം നൽകാനും കൂടുതൽ പുസ്തകങ്ങൾ വായിക്കുന്ന കുട്ടികൾക്കും അമ്മമാർക്കും പ്രതിമാസം സമ്മാനം നൽകുകയും വേണം. പുസ്തക ശേഖരണത്തിനുള്ള തന്ത്രങ്ങളും ആസൂത്രണം ചെയ്യണം.

| **ഉപ പ്രവർത്തനങ്ങൾ** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| ആശയ രൂപീകരണം<br>നിലവിലെ അവസ്ഥ പഠിക്കൽ | എസ്.ആർ ജി | മെയ് | എച്ച് എം<br>പി.ടി.എ |
| ക്ലാസ് ലൈബ്രറി<br>പ്രവർത്തന രീതി<br>ലക്ഷ്യം എന്നിവ നിശ്ചയിക്കൽ | എസ്.ആർ. ജി | മെയ് | എച്ച്.എം.<br>പി.ടി.എ |
| ആവശ്യമായ പുസ്തകങ്ങൾ<br>പട്ടികപ്പെടുത്തൽ അലമാരി<br>പ്രദർശനരീതി നിശ്ചയിക്കൽ | എസ്.ആർ. ജി | മെയ് | പി.ടി.എ<br>എച്ച്.എം. |
| ക്ലാസ് ലൈബ്രറി സ്പോൺസറിങ്ങ്<br>സാധ്യത പരിശോധിക്കൽ<br>സാമ്പത്തിക സമാഹരണം. | പി ടി എ | മെയ് - ജൂൺ | പി.ടി.എ<br>എച്ച്.എം.<br>എസ്.എം.സി. |
| പുസ്തകങ്ങളും സാമഗ്രികളും<br>വാങ്ങൽ | പി ടി എ | മെയ് - ജൂൺ | പി.ടി.എ<br>10000/<br>എസ്.എം.സി. |
| പുസ്തകം ഫലപ്രദമായി<br>പ്രയോജനപ്പെടുത്തൽ | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് | എച്ച് എം<br>പി.ടി.എ<br>എസ്.എം.സി. |
| പ്രതിമാസം പുസ്തക<br>പരിശോധ | പി ടി എ | പ്രതിമാസം | പി.ടി.എ<br>എസ്.എം.സി. |
| കൂടുതൽ പുസ്തകം<br>വായിച്ച് കുട്ടിക്കും അമ്മമാർക്കും<br>ടീച്ചർക്കും സമ്മാനം | പി ടി എ | പ്രതിമാസം | പി.ടി.എ<br>എസ്.എം.സി.<br>100/ പ്രതിമാസം |

**പ്രവർത്തനം 3.4**
**ക്ലാസ് ലബോറട്ടറി**

ഒന്നു മുതൽ നാലുവരെ ക്ലാസുകൾക്ക് ലഘുപരീക്ഷണങ്ങൾ ചെയ്യാൻ ആവശ്യമായ സാമഗ്രികൾ ശേഖരിച്ച് ക്ലാസിൽ തന്നെ സജ്ജീകരിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും വേണം സ്കൂൾതല പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നതിന് ടീച്ചർക്കും രക്ഷിതാക്കൾക്കും പരിശീലനം നൽകാം ഓരോ യൂണിറ്റുകളിലും വരുന്ന ലഘു പരീക്ഷണങ്ങൾ പാഠാസൂത്രണത്തിന്റെ ഭാഗമായി വരുന്നു എന്ന് ടീച്ചറും പ്രഥമാധ്യാപികയും ഉറപ്പാക്കണം. കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുന്നതിനും അന്ധവിശ്വാസത്തിൽ നിന്ന് പുതിയ തലമുറയെ മോചിപ്പിക്കുന്നതിനും ഇത് അനിവാര്യമാകുന്നു.

| ഉപ പ്രവർത്തനങ്ങൾ | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ ജി | ജൂൺ | എച്ച് എം<br>പി.ടി.എ |
| ക്ലാസ് ലാബിലേക്ക് വേണ് സാധനങ്ങളുടെ പട്ടിക, അലമാര എന്നിവ സംബന്ധിച്ച തീരുമാനമെടുക്കൽ | എസ്.ആർ ജി | ജൂൺ | എച്ച് എം<br>എസ്.എം.സി. |
| ക്ലാസ് ലാബ് സ്പോൺസർഷിപ്പ് പ്രോഗ്രാം | പി.ടി.എ<br>എസ്.എം.സി. | ജൂൺ | പി.ടി.എ 10000/ |
| യൂണിറ്റ് വിനിമയത്തിന്റെ ഭാഗമായി പാഠസൂത്രണങ്ങളിലൂടെ ലഘു പരീക്ഷണങ്ങൾ ചെയ്യൽ | ക്ലാസ് ടീച്ചർ | ജൂൺ– മാർച്ച് | എച്ച്. എം.<br>എസ്.എം.സി. |
| റിപ്പോർട്ട് ഡോക്യുമെന്റേഷൻ | എസ്.ആർ ജി | മാർച്ച് | എച്ച്. എം. 1000<br>എസ്.എം.സി. |

**പ്രവർത്തനം 3.5**
**സ്മാർട്ട് ക്ലാസ് മുറി**

നാല് ക്ലാസ് മുറികളും പ്രീ പ്രൈമറി ക്ലാസുകളും ഹൈടെക് ക്ലാസുകൾ ആക്കി മാറ്റണം. ലാപ് ടോപ്പ്, പ്രൊജക്ടർ, ചലനാത്മക ഇരിപ്പിടങ്ങൾ, ആകർഷകമായ ചുമരുകൾ, പിൻ ബോർഡുകൾ, വൈറ്റ് ഗ്രീൻ ബോർഡുകൾ, പൊടി രഹിത ക്ലാസ് മുറി, ബാല എന്ന ആശയം, കുടിവെള്ളം സൗക ര്യം, ക്ലാസ് റൂം വാഷ് റൂം, സൗകര്യം, ലൈറ്റ്, ഫാൻ ഇങ്ങനെ സൗകര്യപ്രദമായ ക്ലാസ് മുറികൾ ഒരു

| ഉപ പ്രവർത്തനങ്ങൾ | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം | പി.ടി.എ | ജൂലൈ | പി.ടി.എ<br>50000* =2000000<br>എസ്.എം.സി.<br>ഒ.എസ്.എ |
| സ്മാൾ ക്ലാസ് മുറി ധനസമാഹരണം | പി.ടി.എ | ജൂലൈ | എം.എൽ.എ,എം പി. പഞ്ചായത്ത്<br>ഒ.എസ്.എ |
| നിർമ്മാണം പൂർത്തിയാക്കൽ | പി.ടി.എ | ആഗസ്ത് 15 | പി.ടി.എ.<br>എസ്.എം.സി |
| ഫലപ്രദമായി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ക്ലാസ് | ക്ലാസ് ടീച്ചർ | ആഗസ്ത് - മാർച്ച് | പി.ടി.എ<br>എസ്.എം.സി<br>എച്ച്. എം. |
| ഡോക്യുമെന്റേഷൻ | എസ്.ആർ.ജി | ആഗസ്ത് | പി.ടി എ<br>എസ്.എം.സി. |

**പ്രവർത്തനം 3.5**
**പ്രതിമാസ ക്ലാസ് പി.ടി.എ.**

കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്ക് വളരെ വലുതാണ്. സവിശേഷമായി പാഠ്യപദ്ധതി സമീപനത്തിൽ ഉണ്ടായ മാറ്റം, പഠനത്തെ കുറിച്ചുള്ള അവരുടെ നിലവിലുള്ള ധാരണയിൽ നിന്നും വ്യത്യസ്തമാണ് അതുകൊണ്ട് ഓരോ മാസവും ക്ലാസിൽ നടക്കുന്ന പഠനപ്രവർത്തനത്തെ കുറിച്ച് സൂക്ഷ്മമായി അറിയാൻ അവർക്ക് അവസരം ഒരുക്കുന്ന സന്ദർഭമാണ് ക്ലാസ്സ് പി.ടി.എ. ആയതിനാൽ കൃത്യമായ മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം ക്ലാസ് പി.ടി.എ. നടത്തുന്നത്. ഓരോ വിഷയത്തിലും കുട്ടി നേടേണ്ട പഠന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും അത് നേടുന്നതിനായി ക്ലാസ്സിൽ നടക്കുന്ന പ്രവർത്തനവും പ്രക്രിയയും എന്തൊക്കെയാണെന്നും വിശദീകരിക്കണം. ചില പ്രവർത്തനങ്ങൾ ചെയ്തു കാണിക്കുകയും ആവാം. തുടർന്ന് വീട്ടിൽ നിന്നും കുട്ടിക്ക് ലഭിക്കേണ്ട സഹായം എന്തെല്ലാമെന്ന് വിശദമാക്കി കൊടുക്കണം. കുട്ടികളുടെ മികവുകളും പരിമിതികളും വ്യക്തിഗതമായി പറഞ്ഞു കൊടുക്കണം.

കുട്ടിയുടെ വീട്ടിലെ പഠനരീതിയെ കുറിച്ച് രക്ഷിതാവും ടീച്ചർമാരോട് വിശദീകരിക്കണം.

| **ഉപ പ്രവർത്തനം** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| മോഡ്യൂൾ തയ്യാറാക്കൽ (ക്ലാസ്സ് പിടിഎ) | എസ് ആർ ജി | എല്ലാ മാസത്തിലും ഒരു ദിവസം ക്ലാസ് സമയം നഷ്ടപ്പെടാതെ | പി.ടി.എ എച്ച് എം എസ്.എം.സി. |
| എല്ലാവരും വരുന്നു എന്ന് ഉറപ്പാക്കൽ | ക്ലാസ് ടീച്ചർ | | ,, |
| മൊഡ്യൂൾ അനുസരിച്ച് സിപിടിഎ നടത്തണം | ക്ലാസ് ടീച്ചർ | | ,, |
| രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ കൃത്യമായി കേട്ടു മനസ്സിലാക്കൽ | ക്ലാസ് ടീച്ചർ | | ,, |
| വീട്ടിൽ നിന്ന് നടക്കേണ്ട കാര്യങ്ങൾ വിശദമാക്കൽ പറ്റുമെങ്കിൽ ഡിടിപി ചെയ്തു കൊടുക്കൽ | ക്ലാസ് ടീച്ചർ | | ,, |
| പുരോഗതി വിലയിരുത്തണം | ക്ലാസ് ടീച്ചർ | | പി.ടി.എ. എസ്.എം.സി |

**പ്രശ്നം 4**

വിദ്യാലയത്തിന്റെ സമീപവാസികളുടെ മക്കൾ അടുത്തുള്ള വിദ്യാലയത്തിൽ പ്രവേശനം നേടുന്നില്ല.

| **കാരണങ്ങൾ** | **നിർദ്ദേശങ്ങൾ** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|
| പൊതു വിദ്യാലയം നിലനിർത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നില്ല | പൊതു വിദ്യാലയത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തൽ | വിദ്യാഭ്യാസ സെമിനാർ |
| എൽപി മാത്രമുള്ള വിദ്യാലയത്തിൽ കുട്ടിക്ക് കൊടുക്കുന്ന കരുതലിനെ | എൽ.പി.വിഭാഗം മാത്രമുള്ളിടത്തുള്ള കരുതൽ എത്രമാത്രം എന്ന് പറഞ്ഞുകൊടുക്കൽ | ഗൃഹാങ്കണ യോഗങ്ങൾ |
| കുട്ടിയുടെ സമാനനഷ്ടത്തെ കുറിച്ച് ഗൗനിക്കുന്നില്ല | നാടിനെ അറിയാത്തതിന്റെ പ്രശ്നം | ഗൃഹ സന്ദർശനവും സർവ്വേയും |
| നാട്ടിലെ കുട്ടികളുമായുള്ള സൗഹൃദം ഇല്ലാതാക്കുന്നു | | ഗൃഹാങ്കണ യോഗങ്ങൾ |
| മാതൃഭാഷയിലൂടെയുള്ള പഠനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നില്ല. | എന്തുകൊണ്ട് മാതൃഭാഷ എന്ന് ബോധ്യപ്പെടുത്തൽ | സർഗോത്സവം |
| പൊതുവിദ്യാലയത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നില്ല. | | പൊതു വിദ്യാലയ മികവുകൾ ലഘുലേഖ |
| സ്കൂളിന്റെ മികവുകൾ പൊതുജനം അറിയുന്നില്ല | സൗകര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തൽ | ചർച്ചകൾ സംവാദങ്ങൾ |
| പൊതുവിദ്യാലയങ്ങളിലെ സൗകര്യങ്ങളെ കുറിച്ച് അറിയില്ല. | പൊതുബോധം മാറാനുള്ള പ്രവർത്തനങ്ങൾ | |
| സാമ്പത്തികശേഷിയുള്ളവർ കുട്ടികളെ മറ്റു വിദ്യാലയ ങ്ങളിലേക്ക് കൊണ്ടുപോകുന്നു. | രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ | |
| മറ്റു വിദ്യാലയങ്ങൾ കുട്ടികൾക്ക് പാരിതോഷികങ്ങൾ | | |

**4.1 വിദ്യാഭ്യാസ സെമിനാർ**

നിലവിലുള്ള പൊതു ബോധത്തെ അവ നിർമ്മിക്കാൻ സഹായിക്കുന്ന സെമിനാറുകൾ, സംവാദങ്ങൾ, ചർച്ചകൾ എന്നിവ അനിവാര്യമായിരിക്കുന്നു. പൊതു വിദ്യാലയങ്ങളുടെ സംരക്ഷണം, മാതൃഭാഷയിൽ ഉള്ള പാഠ്യ പദ്ധതിയുടെ ഭരണ ഘടനാപരമായ അടിത്തറ തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് ആയിരിക്കണം സെമിനാറുകൾ ജനങ്ങളുടെ നിലനിൽക്കുന്ന മധ്യവർഗ താൽപര്യങ്ങളെ മറിച്ചിടാൻ സാധിച്ചാൽ മാത്രമേ വിദ്യാലയങ്ങൾ നിലനിൽക്കുകയുള്ളൂ. വിദ്യാഭ്യാസ രംഗത്ത് കേരളത്തിലും കേരളത്തിനു പുറത്തും നടക്കുന്ന നവീകരണ പരിപാടികൾ ഗ്രാമീണരെ അറിയിക്കുന്നതിനും സ്വന്തം വിദ്യാലയത്തെ അന്തർദേശീയ തലത്തിലേക്ക് ഉയർത്തുന്നതിനും ഇത്തരം സെമിനാറുകൾ സഹായിക്കും കേരളത്തിൽ തന്നെ മലയാളം മീഡിയമായി നിലനിൽക്കുന്ന വിദ്യാലയമാണ് നമ്മുടേത് എന്നത് അഭിമാനകരമാണ് അതോടൊപ്പം ഇംഗ്ലീഷ് പഠനം കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമങ്ങൾ നടക്കുകയും വേണം.

കുട്ടിയുടെ വീട്ടിലെ പഠനരീതിയെ കുറിച്ച് രക്ഷിതാവും ടീച്ചർമാരോട് വിശദീകരിക്കണം.

| **ഉപ പ്രവർത്തനം** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| ആശയ രൂപീകരണയോഗം തീയതി സ്വാഗതസംഘം അവതാരകരെ തീരുമാനിക്കൽ പ്രചാരണ പരിപാടി. | പിടിഎ | നവംബർ | പിടിഎ |
| നോട്ടീസ് തയ്യാറാക്കി അച്ചടിവിതരണം | പിടിഎ | നവംബർ | സ്പോൺസർഷിപ്പ് പിടിഎ |
| സെമിനാർ നടത്തൽ | പിടിഎ | ഡിസംബർ ആദ്യവാരം | 15000 പിടിഎ |
| ഡോക്യുമെന്റേഷൻ റിപ്പോർട്ട് | | ഡിസംബർ ആദ്യവാരം | 10000 പിടിഎ |

**പ്രവർത്തനം 42**
**ഗൃഹക്കൂണയോഗങ്ങൾ**

സമീപത്തുള്ള നാലോ അഞ്ചോ വീടുകളിലെ അംഗങ്ങളെ (കുട്ടികൾ മുതിർന്നവർ) എല്ലാവരെയും മുൻകൂട്ടി അറിയിച്ചു വിളിച്ചുചേർത്തി അവരുമായി അനൗപചാരികമായി സംഭാഷണവും ചർച്ചയും നടത്തി വിദ്യാലയത്തിന്റെ മികവുകളും പൊതുവിദ്യാലയം നിലനിർത്തേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തുക. പരിപാടി വാർഡ് മെമ്പർ, മറ്റു ജനപ്രതിനിധികൾ, സാസംകാരിക പ്രവർത്തകർ, ടീച്ചർമാർ, പൂർവ്വവിദ്യാർത്ഥികൾ, പിടിഎ, എസ്.എം.സി. അംഗങ്ങൾ എന്നിവർ അടങ്ങുന്ന ലഘു സംഘങ്ങൾ രൂപീകരിക്കണം ഇങ്ങനെ 100 യോഗങ്ങൾ 5 6 7 8 വാർഡുകളിലായി നടപ്പാക്കണം ഇതിന് 10 ചെറു സംഘങ്ങൾ ഉണ്ടാവണം അവർ ചർച്ച ചെയ്യേണ്ട വിഷയത്തെ സംബന്ധിച്ച് മുൻകൂട്ടി ആശയരൂപീകരണം നടത്തി തയ്യാറാവണം. റിട്ടയർ ചെയ്ത അധ്യാപകർ ഡിഎൽഎസ്. ബി.എഡ്. പി.ജി. ഡിഗ്രി പൂർത്തിയാക്കിയ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത നാട്ടുകാരെയും ഈ സംഘങ്ങളിലേക്ക് ഉൾപ്പെടുത്തണം.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണ യോഗം (ചർച്ച ചെയ്യേണ്ട വിഷയങ്ങൾ നേതൃത്വം നൽകുന്നവർ ഗ്രൂപ്പ് തിരിക്കൽ) | എസ്.ആർ.ജി. | ജൂലൈ | എച്ച്.എം.പി.ടി.എ എസ്.എം.സി |
| ഗ്രൂപ്പ് അംഗങ്ങളെ ശാക്തീകരിക്കൽ | എസ്.ആർ.ജി. | ജൂലൈ | എച്ച്.എം.പി.ടി.എ എസ്.എം.സി |
| ഓരോ ഗ്രൂപ്പും പങ്കെടുക്കുന്ന പ്രദേശങ്ങൾ നിശ്ചയിക്കൽ തിയ്യതി ഉറപ്പാക്കൽ | എസ്.ആർ.ജി. | ജൂലൈ | എച്ച്.എം.പി.ടി.എ എസ്.എം.സി |
| ഗൃഹാങ്കണ യോഗങ്ങൾ നടത്തൽ പങ്കാളിത്തം സ്വീകാര്യത വിലയിരുത്തൽ | എസ്.ആർ.ജി. | ആഗസ്ത് സപ്തംബർ | എച്ച്.എം.പി.ടി.എ എസ്.എം.സി |
| ഡോക്യുമെന്റേഷൻ റിപ്പോർട്ട് | എസ്.ആർ.ജി. ഗ്രൂപ്പ് ലീഡേഴ്സ് | ഒക്ടോബർ | എച്ച്.എം.പി.ടി.എ എസ്.എം.സി |

**പ്രവർത്തനം 4.3**
**ഗൃഹ സന്ദർശനവും സർവ്വേയും**

ഒന്നാം ടേമിൽ സെമിനാർ, രണ്ടാം ടേമിൽ ഗൃഹാങ്കണ യോഗങ്ങൾ, മൂന്നാം ടേമിൽ സന്ദർശനം സർവ്വേ എന്ന ക്രമത്തിൽ നടക്കണം മുമ്പ് നടന്ന രണ്ടു ശാക്തീകരണ പരിപാടികളുടെയും തുടർച്ചയായാണ് ഇത് നടത്തുക. സർവ്വേ ഫോറങ്ങൾ വിശദമായി കൃത്യതയോടെ രേഖപ്പെടുത്തണം. സന്ദർശന വേളയിൽ പരമാവധി കുട്ടികളെ സ്ക്കൂളിലേക്ക് ചേർക്കുവാനുള്ള ഇടപെടൽ നടത്തണം. സന്ദർശന വേളയിൽ ചർച്ച ചെയ്യേണ്ട ആശയങ്ങൾ മുൻകൂട്ടി വിദ്യാലയതലത്തിൽ എഴുതി തയ്യാറാക്കി വിശദമായി ചർച്ച ചെയ്യണം. പ്രസ്തുത ആശയമാണ് ഗൃഹസന്ദർശന വേളയിൽ പ്രചരിപ്പിക്കേണ്ടത്.

| **ഉപ പ്രവർത്തനം** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| ആശയ ക്രമീകരണയോഗം | എസ്.ആർ.ജി | ജനുവരി | പിടിഎ<br>എസ്.എം.സി. |
| സർവ്വേ ഫോറം തയ്യാറാക്കൽ | എസ്.ആർ.ജി. | ജനുവരി | പിടിഎ 1000<br>എസ്.എം.സി. |
| ഗൃഹ സന്ദർശന കുറിപ്പ് തയ്യാറാക്കൽ | എസ്.ആർ.ജി. | ജനുവരി | പിടിഎ 1000<br>എസ്.എം.സി. |
| വീടുകൾ ടീം എന്നിവ നിശ്ചയിക്കൽ | എസ്.ആർ.ജി. | ജനുവരി | പിടിഎ 1000<br>എസ്.എം.സി. |
| നിശ്ചിത സമയത്തിനുള്ളിൽ ടീമുകൾ വീടുകൾ സന്ദർശനം നടത്തി ഫോറം പൂരിപ്പിക്കൽ | ഗ്രൂപ്പ് അംഗങ്ങൾ | ജനുവരി | പിടിഎ 1000<br>എസ്.എം.സി. |
| സർവ്വേ ഫോറം ക്രോഡീകരണം | എസ്.ആർ.ജി. | ജനുവരി | പിടിഎ 1000<br>എസ്.എം.സി. |
| റിപ്പോർട്ട് തയ്യാറാക്കൽ | എസ്.ആർ.ജി. | ജനുവരി | പിടിഎ 1000<br>എസ്.എം.സി. |
| പിടിഎയിൽ അവതരണം ചർച്ച | എച്ച് എം | ജനുവരി | പിടിഎ 1000<br>എസ്.എം.സി. |

**തുടർച്ച 1**

**പ്രവർത്തനം 5**

| **കാരണങ്ങൾ** | **നിർദ്ദേശങ്ങൾ** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|
| മാറിയ പാഠ്യപദ്ധതിയിൽ സമൂഹത്തിന്റെ പങ്ക് കൃത്യമായി ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. | സമൂഹത്തെ പാഠ്യപദ്ധതിയിൽ വന്ന മാറ്റങ്ങൾ ബോധ്യ പ്പെടുത്തൽ | സെമിനാറുകൾ |
| പിടിഎ യോഗങ്ങളിൽ ഭൂരിപക്ഷവും അമ്മമാർ മാത്രം പങ്കെടുക്കുന്നു. | അച്ഛനമ്മമാർ യോഗങ്ങളിൽ പങ്കെടുക്കാൻ സൗകര്യമൊരുക്കുക | ഗൃഹസന്ദർശനങ്ങൾ |
| പ്രാദേശിക സമൂഹത്തെ സ്കൂളു മായി ബന്ധിപ്പിക്കുന്ന . പരിപാടികളില്ല | സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹത്തെ ബോധപൂർവ്വം ബന്ധിപ്പിക്കുക | കോർണർ പിടിഎ |
| പൂർവ്വ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെ പ്രയോജനപ്പെടുത്തുന്ന പരിപാടികൾ | പൂർവ്വ അധ്യാപകരെയും അധ്യാപകരെയും സംഘടിപ്പിക്കുക | പ്രാദേശിക വിഭവപടം |
| പൊതു വിദ്യാലയങ്ങൾ നിലനിർത്തേണ്ടതിന്റെ അനിവാര്യത അറിയില്ല. | പൊതു വിദ്യാലയങ്ങളുടെ അനിവാര്യത ബോധ്യപ്പെടുത്തുന്ന പരിപാടികൾ നടപ്പാക്കുക | പൂർവ്വ വിദ്യാർത്ഥി/ അധ്യാപക സംഘം രൂപപ്പെടുത്തുക |

### 5.1 കോർണർ പി.ടി.എ.

രക്ഷിതാക്കൾക്ക് (അച്ഛനും അമ്മയ്ക്കും) പലപ്പോഴും യോഗത്തിൽ പങ്കെടുക്കാൻ കഴിയാത്തത് അവരുടെ തൊഴിൽ സമയങ്ങളിലായിരിക്കും യോഗം ചേരുന്നത് എന്നതിനാലാവാം. ഇത് പരിഹരി ക്കുന്നതിന് ഒഴിവുദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിലായി രക്ഷിതാക്കളുടെ അടുത്തേക്ക് ചെന്ന് യോഗം ചേരുന്ന പരിപാടിയാണിത്. വർഷത്തിൽ ഒന്നോ രണ്ടോ കോർണർ പിടിഎ നടത്തിയാൽ മതി യാകും. ഇതുകൊണ്ട് രക്ഷിതാക്കളുടെ പങ്കാളിത്തം വർദ്ധിക്കുന്നതിനും അവരുടെ പങ്ക് എന്തെന്ന് ബോ ധ്യപ്പെടുന്നതിനും കുട്ടികളിൽ കൂടുതൽ കൃത്യനിഷ്ഠയും ഉണ്ടാകുന്നതിനും ഇത് സഹായിക്കും കൃ ത്യമായ മൊഡ്യുളുകൾ അനുസരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കണം.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ ക്രമീകരണം | എസ്.ആർ.ജി<br>പിടിഎ | ജൂൺ | പിടിഎ<br>എസ്.എം.സി. |
| കോർണർ പിടിഎ മൊഡ്യൂൾ തയ്യാറാക്കൽ ലഘു ലേഖ, വായനാസാമഗ്രി തയ്യാറാക്കൽ | എസ്.ആർ.ജി<br>വിദഗ്ധർ | ജൂലൈ | 1000 പിടിഎ |
| യോഗത്തിന്റെ സമയം, തിയ്യതി യോഗം നടത്തുന്നയാൾ എന്നിവരെ നിശ്ചയിക്കൽ | എസ്.ആർ.ജി. | ജൂലൈ | പിടിഎ |
| യോഗസ്ഥലങ്ങളിൽ മുൻകൂട്ടി പ്രചരണം നൽകൽ - രക്ഷിതാക്കൾ വരുന്നു എന്നുറപ്പാക്കാൽ | പിടിഎ | ജൂലൈ | പിടിഎ |
| ഡോക്യുമെന്റേഷൻ | എസ്.ആർ.ജി. | ജൂലൈ | പിടിഎ |

5.2 പൂർവ്വ വിദ്യാർത്ഥി / പൂർവ്വ അധ്യാപക സംഘടന

പൂർവ്വ വിദ്യാർത്ഥികളും പൂർവ്വ അധ്യാപകരും വിദ്യാലയത്തിന്റെ രണ്ടു കണ്ണുകളാണ്. നൂറു വർഷം പിന്നിടുന്ന ഒരു സ്ഥാപനത്തിലെ പൂർവ്വ് വിദ്യാർത്ഥി സമ്പത്ത് ഏറെ വലുതാണ്. അറിവ്, കഴിവ്, സാമ്പത്തിക മികവ് എന്നിവയെല്ലാം അവരുടെ കൈകളിലുണ്ട്. അവയെ വിദ്യാസത്തിനായി ഉപയോഗപ്പെടുത്താൽ കഴിയുകയേ വേണ്ടു.

പൂർവ്വ അധ്യാപകരുടെ കാര്യം അതു തന്നെയാണ്. ഒരു കാലത്ത് വിദ്യാലത്തെ കൊണ്ടു നടന്നവരാണവർ. അവരുടെ കഴിവും കരുത്തും ഉപയോഗപ്പെടുത്തണം.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ ക്രമീകരണം | എസ്.ആർ.ജി | ഒക്ടോബർ | പിടിഎ |
| പൂർവ്വ വിദ്യാർത്ഥി സംഘടന ഉണ്ടാക്കാനായി യോഗം വിളിക്കൽ | എസ്.ആർ.ജി | ഒക്ടോബർ | പിടിഎ |
| പൂർവ്വ അധ്യാപക സംഘടന രൂപീകരിക്കം | എസ്.ആർ.ജി | ഒക്ടോബർ | പിടിഎ |
| പ്രവർത്തന പദ്ധതി തയ്യാറാക്കൽ | എസ്.ആർ.ജി | ഒക്ടോബർ | പിടിഎ |
| പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | എസ്.ആർ.ജി | ഒക്ടോബർ | പിടിഎ |
| ഡോക്യുമെന്റേഷൻ | എസ്.ആർ.ജി | ഒക്ടോബർ | പിടിഎ |

**പ്രശ്നം 6:**

ദിനാചരണ പ്രവർത്തനങ്ങൾ പൂർണ്ണമായും പഠനവുമായി ബന്ധിപ്പിക്കുവാനോ പഠനപിന്നാക്കാവസ്ഥ പരിഹരിക്കുവാനോ കഴിയുന്നില്ല.

| **കാരണങ്ങൾ** | **നിർദ്ദേശങ്ങൾ** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|
| ദിനാചരണങ്ങൾ സ്ക്കൂൾ, ക്ലാസ്സ്, വിഷതലത്തിൽ ക്രമീകരിക്കുന്നില്ല. | സ്ക്കൂൾ വിഷയതലത്തിൽ ക്രമീകരിക്കുക | ദിനാചരണം - ശില്പാശാല |
| പഠന സമയം നഷ്ടപ്പെടാതെ പഠനത്തിന്റെ ഭാഗമായി എങ്ങനെ ദിനാചരണം സാധ്യമാക്കാമെന്ന് ധാരണയില്ല. | ദിനാചരണം പഠന പ്രവർത്തനത്തിന്റെ ഭാഗമാക്കുക | ക്രമീകരണം പഠന പ്രവർത്തനം രക്ഷിതാവിന്റെ റോൾ പഠന പിന്നാക്കാവസ്ഥ |
| ദിനാചരണത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തമില്ല. | രക്ഷിതാക്കളുടെ റോൾ നിശ്ചയിക്കുക | |
| പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ദിനാചരണങ്ങളെ ഉപയോഗപ്പെടുത്തുന്നതെങ്ങനെ എന്നറിയില്ല. | പഠന പിന്നാക്കാവസ്ഥ പരിഹരിക്കും വിധം ദിനാചരണ പ്രവർത്തനം നടത്തും | |

### 6.1. ദിനാചരണം – ശില്പശാല

ദിനാചരണങ്ങളുടെ നടത്തിപ്പ് പഠനസമയത്തെ ഹനിക്കുന്ന അവസ്ഥയുണ്ട്. ഇതിനു പരിഹാരമായി സ്ക്കൂൾ തലത്തിൽ ആചരിക്കേണ്ടവ, ക്ലാസ്സ് തലത്തിൽ വേണ്ടവ, വിഷയാടിസ്ഥാനത്തിൽ നടത്തേണ്ടവ എന്ന് ക്രമീകരിക്കണം. അതോടൊപ്പം വിനിമയം ചെയ്യുന്ന യൂണിറ്റിലെ ഉള്ളടക്കവുമായി പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും ദിനാചരണ പ്രവർത്തനങ്ങളെ ഉപയോഗപ്പെടുത്തും വിധം ആസൂത്രണം ചെയ്യണം. ചില പ്രവർത്തനങ്ങൾ പൂർണ്ണമായോ ഭാഗികമായോ വീട്ടിൽ നിന്നും ചെയ്യാവുന്നത് ഉണ്ടാവും കൂടാതെ ചില സാമഗ്രികൾ വീട്ടിൽ നിന്നോ ശേഖരിക്കേണ്ടതായും വരും അവ സംബന്ധിച്ചധാരണ രക്ഷിതാക്കൾക്കു നൽകിയാൽ സ്ക്കൂളിലെ സമയവും ടീച്ചറും ജോലിയും അല്പം കുറയുകയും രക്ഷാകർത്താക്കളുടെ പങ്കാളിത്തം ദിനാചരണത്തിൽ ഉറപ്പാക്കാനും കഴിയും. ഈ ആശയങ്ങൾ ഉൾപ്പെടുന്ന ശില്പശഖാല സംഘടിപ്പിക്കുക.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | ജൂൺ | എച്ച്.എം. |
| ദിനാചരണം ക്രമീകരിക്കൽ (സ്ക്കൂൾ, ക്ലാസ്സ്, വിഷയം) | എസ്.ആർ.ജി | ജൂൺ | എച്ച്.എം. |
| പഠനപ്രവർത്തനങ്ങൾ യൂണിറ്റ് തലബന്ധം | എസ്.ആർ.ജി | ജൂൺ | എച്ച്.എം. |
| പഠന പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കാം. | എസ്.ആർ.ജി | ജൂൺ | എച്ച്.എം. |

തുടർച്ച 5

7 എല്ലാ വിഷയത്തിലും 'എ' ഗ്രേഡ് കിട്ടിയ എല്ലാ കുട്ടികൾക്കും എൽ.എസ്.എസ്. നേടാൻ കഴിയുന്നില്ല.

| **കാരണങ്ങൾ** | **നിർദ്ദേശങ്ങൾ** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|
| നിരന്തര വിലയിരുത്തലിലൂടെയും ടേം വിലയിരുത്തലിലൂടെയും കുട്ടിയുടെ ഉയർന്ന ശേഷി അളക്കാൻ കഴിയുന്നില്ല. | വിലയിരുത്തൽ പ്രവർത്തനങ്ങൾ പ്രതീക്ഷിത നിലവലാരത്തിലേക്ക് ഉയർത്തുക | പ്രക്രിയാ ബന്ധിതവും അറിവു നിർമ്മാണത്തിൽ അധിഷ്ഠിതവുമായ സൂക്ഷ്മതല പാഠാസൂത്രണം |
| ക്ലാസ്സ് മുറിയിലെ പഠന പ്രവർത്തനങ്ങൾ കുട്ടിയുടെ ശേഷി വികാസത്തിന് പൂർണ്ണമായും സഹായിക്കുന്നില്ല. | ക്ലാസ്സ് റൂം പ്രവർത്തനം അറിവു നിർമ്മാണ ഘട്ടങ്ങൾ പാലിച്ച് ആസൂത്രണം ചെയ്യുക | (മുൻപു നൽകിയിട്ടുണ്ട്) |
| എൻ.എസ്. എസ്. കേന്ദ്രീത പഠനത്തിന്റെ പരിമിതി | എൽ.എസ്.എസ്. മാതൃകയിലുള്ള പഠന പ്രവർത്തനങ്ങൾ നൽകുക | |
| കുട്ടിയുടെ തയ്യാറെടുപ്പിലെ പരീക്ഷ എഴുത്തിലെയും പരിമിതി | രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ | രക്ഷാകർത്ത ബോധവല്ക്കരണം എൽ.എസ്.എസ്. |

7 .1 രക്ഷാകർത്തൃ യോഗം – എൽ.എസ്.എസ്.

എൽ.എസ്.എസ്. പരീക്ഷയുടെ രീതിയും പ്രവർത്തന സ്വഭാവവും രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ, അതിനുവേണ്ടി സ്ക്കൂൾ ചെയ്യുന്ന കാര്യങ്ങൾ, രക്ഷിതാക്കൾ ചെയ്യേണ്ട കാര്യങ്ങൾ എന്നിവ വിശദമാക്കൽ. മാതൃകാ പ്രവർത്തനങ്ങൾ, കുട്ടികളെ മാനസികമായി തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം. എൽ.എസ്.എസ്. അവസാനവാക്കല്ല എന്ന ബോധ്യം എന്നിവ വളർത്തൽ

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| മൊഡ്യൂൾ തയ്യാറാക്കൽ | എസ്.ആർ.ജി | ഒക്ടോബർ | എച്ച്.എം. |
| തിയ്യതി സമയം നിശ്ചയിക്കൽ | ,, | ,, | ,, |
| ക്ലാസ്സെടുക്കുന്നതാര് നിശ്ചയിക്കൽ | ,, | ,, | ,, |
| യോഗം സംഘടിപ്പിക്കൽ | ,, | ,, | ,, |
| ഡോക്യുമെന്റേഷൻ | ,, | ,, | 500 പി.ടി.എ. |

തുടരും

പ്രശ്നം 8:

കലാ കായിക പ്രവർത്തിപരിചയ പ്രവർത്തനങ്ങൾ ഫലപ്രദമായി എല്ലാ കുട്ടികളും പ്രതീക്ഷിത നിലവാരത്തിൽ ആർജ്ജിക്കുന്നില്ല.

| കാരണങ്ങൾ | നിർദ്ദേശങ്ങൾ | സാമ്പത്തികം/ സംവിധാനം |
|---|---|---|
| ഓരോ ക്ലാസ്സിലേയും കലാകായിക പ്രവർത്തി പരിചയ ലക്ഷ്യങ്ങൾ | പഠനലക്ഷ്യം നിർണ്ണയിക്കുക | കലാകായിക പ്രവർത്തി ശില്പശാലകൾ |
| ഈ വിഷയങ്ങളുടെ പ്രാധാന്യം വേണ്ടത്ര ഉൾക്കൊള്ളുന്നില്ല. | വിഷയത്തിന്റെ പ്രാധാന്യം രക്ഷിതാക്കളേയും സമൂഹത്തെയും ബോധ്യപ്പെടുത്തുക | ഗൃഹസദസ്സുകളിൽ ചർച്ച (മുൻ പ്രവർത്തനത്തിൽ ഉൾപ്പെടുത്തുക |
| ഈ മേഖലയിൽ അധ്യാപിക പരിശീലനങ്ങൾ ഇല്ല | അധ്യാപകരെ ശാക്തീകരിക്കുക | ടീച്ചർ ട്രെയിനിംഗ് |
| പ്രാദേശിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നില്ല | പ്രാദേശിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക | എൽ.ആർ.എം ഉപയോഗപ്പെടുത്തുക (മുൻപ് എഴുതിയിട്ടുണ്ട്) |

**8 .1 കലാകായിക പ്രവൃത്തി പരിചയ ശില്പശാലകൾ**

കലാകായിക പ്രവർത്തി പരിചയ പാഠ്യപദ്ധതി പരിശോധിച്ച് ഓരോ ക്ലാസ്സിലും കുട്ടി നേടേണ്ട കലാ കായിക പ്രവർത്തിപരിചയ വിഷയത്തിന്റെ പഠനലക്ഷ്യങ്ങൾ എസ്.ആർ.ജി.യിലോ പ്രത്യേക ശില്പ ശാലയിലോ തയ്യാറാക്കി കാപ്പിൽ പ്രദർശിപ്പിക്കുക. ര്ക്ഷാകർത്തൃ യോഗങ്ങളിലം ഗൃഹസദസ്സുക ളിലും അവ പരിചയപ്പെടുത്തുക. അതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക. കുട്ടികൾക്കും രക്ഷി താക്കൾക്കും ശില്പശാലകൾ സംഘടിപ്പിക്കുക.

**8 .1 ശില്പശാലകൾ**

| **ഉപ പ്രവർത്തനം** | **ചുമതല** | **സമയം/ കാലം** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | ജൂൺ | പി.ടി.എ. എച്ച.എം. |
| പഠന ലക്ഷ്യം ചാർട്ട് | ,, | ,, | 1000 |
| കല കായിക പ്രവർത്തിപരിചയം ശില്പശാലകൾ | ,, | ആഗസ്റ്റ് - ഡിസംബർ | 5000 |
| ഡോക്യുമെന്റേഷൻ | ,, | ജനുവരി | 1000 |

**പ്രശ്നം 9**

ഗണിതാശയങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കാൻ കഴിയുന്നില്ല.

| **കാരണങ്ങൾ** | **നിർദ്ദേശങ്ങൾ** | **സാമ്പത്തികം/ സംവിധാനം** |
|---|---|---|
| നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കുന്ന സന്ദർഭങ്ങൾ പാഠ്യപദ്ധതിയിൽ കുറവ് | നിത്യജീവിതവുമായി ഗണിതാശ ശയങ്ങളെ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുക | പാഠാസൂത്രണ ശില്പശാലകൾ |
| ഗണിതപഠനത്തെ ജീവിതവുമായി ബന്ധിപ്പിക്കുന്ന പരിശീലനങ്ങളില്ല | ഈ മേഖലയിൽ അധ്യാപക ശാക്തീകരണ പരിപാടി ഉറപ്പാക്കുക | കുടുംബ ബജറ്റ് |

9 .1 പാഠാസൂത്രണ ശില്പശാല

ഗണിതാശയങ്ങൾ ക്ലാസ്സ് തലത്തിൽ വിശകലനം ചെയ്ത് നിത്യ ജീവിത സന്ദർഭങ്ങളുമായി ബന്ധിപ്പിച്ച് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തണം. ഓരോ പ്രവർത്തനവും സൂക്ഷ്മാസൂത്രണം ചെയ്യണം. മറ്റു വിദ്യാലയങ്ങളിലെ ടീച്ചർമാരെയും പരിപാടിയിൽ പങ്കെടുപ്പിക്കാം.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | ആഗസ്റ്റ് | പി.ടി.എ. എച്ച.എം. |
| പാഠാസൂത്രണ ശില്പശാല സംഘടനം (പങ്കാളികൾ, വിദഗ്ധർ, സ്ഥലം, സമയം) | ,, | ,, | ,, |
| പാഠാസൂത്രണ ശില്പശാല നടത്തൽ | ,, | ,, | 2000/ |
| പഠനപ്രക്രിയയുടെ ഭാഗമായി വിനിമയം | ക്ലാസ്സ് ടീച്ചർ | സപ്തംബർ - മാർച്ച് | ,, |
| ഡോക്യുമെന്റേഷൻ | ,, | മാർച്ച് | 1000 |

**പ്രശ്നം 10**

സ്ക്കൂൾ, ക്ലാസ് തല സമയ വിഭവ മാനേജ്മെന്റ് സംബന്ധിച്ച് ഗവേഷണാത്മകമായ അന്വേഷണം നടക്കുന്നില്ല.

| കാരണങ്ങൾ | നിർദ്ദേശങ്ങൾ | സാമ്പത്തികം/ സംവിധാനം |
|---|---|---|
| സമയ, വിഭവ മാനേജ്മെന്റിന്റെ പ്രാധാന്യം തിരിച്ചറിയുന്നില്ല. | എല്ലാ സ്റ്റേക്ക് ഹോൾ ഡേഴ്സിനും സമയവിഭവ മാനേജ്മെന്റ് സംബന്ധിച്ച് | സമയവിഭവ മാനേജ്മെന്റ് ശില്പശാല |
| സമയ, വിഭവങ്ങളും എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന ആസൂത്രണമില്ല | കാഴ്ചപ്പാട് വികസിപ്പിക്കൽ | സമയവിഭാവ മാനേജ്മെന്റ് - പഠനം |
| സമയ, വിഭവ മാനേജ്മെന്റ് സംബന്ധിച്ച് കാഴ്ചപ്പാട് വികസിപ്പിച്ചിട്ടില്ല | ആസൂത്രണവും വിലയിരുത്തലും | സമയവിഭാവ മാനേജ്മെന്റ് - പഠനം |
| സമയ, വിഭവ മാനേജ്മെന്റ് വിലയിരുത്തുന്നതിന് സംവിധാനമോ ഈ മേഖലയിൽ ശാക്തീകരണമോ നടന്നിട്ടില്ല. | | |
| പ്രതിവാര റിവ്യു നടക്കുന്നില്ല. | | |

### 10.1 സമയ, വിഭവ മാനേജ്മെന്റ് – ശില്പശാല

ലഭ്യമായ സമയം ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ ആസൂത്രണം അനിവാര്യമാണ്. ഇതിന് എത്ര സമയമാണ് നമുക്ക് ഒരു വർഷത്തിൽ വിദ്യാലയത്തിൽ ലഭിക്കുന്നത് എന്നും അവ ഏതെല്ലാം കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തണമെന്നും കൃത്യമായ ധാരണ വേണം. പാഠ്യപദ്ധതി വിനിമയ ത്തിനുള്ള സമയമെത്ര അതിൽ ക്ലാസ്സിനകത്ത് ക്ലാസ്സിനുപുറത്ത്, വീട്ടിൽ ലഭ്യമായ സമയം എന്നി വയും സ്ക്കൂളിലെ മറ്റു പ്രവർത്തനങ്ങൾക്കായി ഓരോ ടീച്ചറും ഉപയോഗപ്പെടുത്തുന്ന സമയം, ടീ ച്ചർമാരുടെ ലീവ്, അപ്രതീക്ഷിത അവധികൾ പരീക്ഷാ ദിവസങ്ങൾ എന്നിവയും പരിഗണിക്കണം. ദൈനം ദിന പ്രവർത്തനങ്ങളിൽ ഓഫീസ് പ്രവർത്തനങ്ങൾക്കായി പ്രഥമാധ്യാപികക്ക് അധികമായി ല ഭിക്കുന്ന ഒരു മണിക്കൂർ സമയവും ശനിയാഴ്ചയിലെ അഞ്ച് മണിക്കൂർ സമയവും ഫലപ്രദമായി ഉപ യോഗിക്കാൻ കഴിയണം. ടീച്ചർമാർ പാഠാസൂത്രണം കൃത്യമായി ചെയ്യുകയും അതു പ്രകാരം ക്ലാസ്സ് നടക്കുന്നു എന്നുറപ്പു വരുത്തുന്നതിലൂടെ സമയം ക്രമീകരിക്കാൻ കഴിയും ഉച്ചഭക്ഷണത്തിനും കൃത്യ സമയത്ത് വിടുക രണ്ടു മണിക്ക് ക്ലാസ്സ് കൃത്യമായി തുടങ്ങുക, ബസ് സമയം 10 മണിക്കു മുമ്പും നാലു മണിക്ക് ശേഷവുമായി ക്രമീകരിക്കുക. തുടങ്ങിയ കാര്യങ്ങളും സമയ മാനേജ്മെന്റിന്റെ ഭാഗമാണ്. ടീച്ചർമാർ അവധിയുള്ള ദിവസങ്ങളിൽ പ്രാദേശികമായി ടീച്ചർമാരെ ലഭ്യമാകുമെങ്കിൽ ആ അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്താൽ കഴിയും. അതുപോലെ പ്രാദേശിക വിദഗ്ധരുടെ പേരു വിവര ങ്ങൾ ശേഖരിച്ച് അവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും നമുക്ക് കഴിയണം.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | മെയ് | പി.ടി.എ.<br>എച്ച്.എം. |
| സമയ മാനേജ്മെന്റ് ശില്പശാല – ആസൂത്രണം | ,, | ,, | ,, |
| ശില്പശാല സംഘടനം | ,, | ,, | 2000/ |
| രൂപരേഖ തയ്യാറാക്കൽ അച്ചടി | ,, | മെയ് | 1000/<br>എച്ച്.എം. |
| രൂപരേഖയനുസരിച്ച് പ്രവർത്തനം | ,, | ജൂൺ-മാർച്ച് | എച്ച്.എം.<br>പി.ടി.എ. |
| ഇടക്കാല വിലയിരുത്തൽ | ,, | ആഗസ്റ്റ്, ഡിസംബർ, മാർച്ച് | പി.ടി.എ.<br>എച്ച്.എം. |

ഡോക്യുമെന്റേഷൻ റിപ്പോർട്ട്

### 10.2 സമയ, വിഭവ മാനേജ്മെന്റ് – പഠനം

വിദ്യാലയത്തിൽ ലഭ്യമാകേണ്ട സാധ്യയറ്റിനങ്ങൾ, നഷ്ടമാകുന്ന ദിനങ്ങൾ, സമയം, സംവിധാനത്തിന്റെ ഇടപെടൽ ഭാഗമായി നഷ്ടപ്പെടുന്ന സമയം അങ്ങനെ ദൈനംദിന പ്രവർത്തനത്തിൽ സമയത്തിന്റെ ഉപയോഗം. പ്രഥമാധ്യാപികയും ടീച്ചർമാരും അധികമായി ഉപയോഗപ്പെടുത്തുന്ന സമയം എന്നിവ കൃത്യമായി രേഖപ്പെടുത്തി വിലയിരുത്തുന്നതിനും ഒരു വർഷത്തിൽ പ്രയോജനപ്പെടുത്തുന്ന സമയം എത്രയെന്നു കണ്ടെത്തുന്നതിനും പഠനം ആവശ്യമാണ്. ഇത് ഓരോ ടീച്ചർമാരുടേയും പി.ടി.എയുടേയും അധികാരികളുടേയും കണ്ണു തുറപ്പിക്കാൻ സഹായിക്കും. പഠന പിന്നാക്കാവസ്ഥ കുട്ടിയുടെ മാത്രം പ്രശ്നമല്ലെന്നും സംവിധാനത്തിനും സമൂഹത്തിനും അതിൽ പങ്കുണ്ടോ എന്നു വിലയിരുത്തുന്നതിന് ശാസ്ത്രീയമായ പഠനങ്ങൾ അനിവാര്യമാണ്.

| ഉപ പ്രവർത്തനം | ചുമതല | സമയം/ കാലം | സാമ്പത്തികം/ സംവിധാനം |
|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി | മെയ് | പി.ടി.എ.<br>എച്ച.എം. |
| പഠനത്തിനുള്ള ട്യൂൾ നിർമ്മാണം | വിദഗ്ധ സമിതി | മെയ് | 2000/ |
| ടീമിനെ നിർണ്ണയിക്കൽ, | | | |
| പഠനം ശാസ്ത്രീയമായി നിർവ്വഹിക്കൽ | എസ്.ആർ.ജി | ജൂൺ-മെയ് | എസ്.ആർ.ജി<br>എച്ച.എം |
| ഇടക്കാല വിലയിരുത്തൽ | വിദഗ്ധ സമിതി | ആഗസ്റ്റ്,<br>സപ്തംബർ<br>മെയ് | പി.ടി.എ.<br>വിദഗ്ധ സമിതി. |
| റിപ്പോർട്ട് തയ്യാറാക്കൽ | എസ്.ആർ.ജി | ഏപ്രിൽ | എസ്.ആർ.ജി<br>വിദഗ്ധ സമിതി |

# വാർഷിക കലണ്ടർ 2025–26

| മാസം | ഇനം | ചുമതല | |
|---|---|---|---|
| മെയ് | 1.1. | പ്രീടെസ്റ്റ് | ക്ലാസ്സ് ടീച്ചർ /എസ്.ആർ.ജി. |
| | 1.2 | പാഠാസൂത്രണ ശില്പശാല | എസ്.ആർ.ജി. |
| | 1.4 | പഠനോപകരണ നിർമ്മാണ ശില്പശാല | എസ്.ആർ.ടി |
| | 3.1. | പഠനോത്സവം | ക്ലാസ്സ് ടീച്ചർ |
| | 3.3 | ക്ലാസ്സ് ലൈബ്രറി | എസ്.ആർ.ജി. |
| | 10.1 | സമയവിഭവ മാനേജ്മെന്റ് - ശില്പശാല | ,, |
| | 10.2 | സമയവിഭവ മാനേജ്മെന്റ് - പഠനം | ,, |
| ജൂൺ | 1.1. | പ്രീടെസ്റ്റ് | |
| | 1.3 | ശില്പശാല കഥ | എസ്.ആർ.ജി |
| | 1.5 | പിടിഎ ശാക്തീകരണം | എസ്.ആർ.ജി. |
| | 2.2 | പ്രാദേശിക വിഭവ പടം | ,, |
| | 3.4 | ക്ലാസ്സ് ലാബ് | ,, |
| | 3.5 | സി.പി.ടി.എ | ,, |
| | 5.1 | കോർണർ പിടിഎ | ,, പിടിഎ |
| | 5.1 | കോർണർ പിടിഎ | എസ്.ആർ.ജി., പിടിഎ |
| | 6.1 | ദിനാചരണം ശിലപശാല | എസ്.ആർ.ജി |
| | 9.2 | കുടുംബ ബജറ്റ് | എസ്.ആ്ർ.ജി |
| ആഗസ്റ്റ് | 2.1 | അനുദിനം അവസരം | എസ്.ആർ.ജി |
| | 3.2 | ക്ലസ്റ്റർ | എസ്.ആർ.ജി |
| | 3.5 | സ്മാർട്ട് ക്ലാസ്സുമുറി | പി.ടി.എ, എസ്.എം.സി. |
| | 42. | ഗൃഹാങ്കണയോഗങ്ങൾ | എസ്.ആർജി |
| | 8.1 | ശില്പശാലകൾ | ,, |
| | 9.1 | പാഠാസൂത്രണ ശില്പശാല (ഗണിതം) | ,, |
| സപ്തംബർ | 1.2 | പാഠാസൂത്രണ ശില്പശാല | എസ്.ആർ.ജി |
| | 2.1 | അനുദിനം അവസരം | എസ്.ആർ.ജി. |
| | 3.1 | പഠനോത്സവം | ,, |
| | 3.2 | ക്ലസ്റ്റർ | ,, |
| | 4.2 | ഗൃഹാങ്കണയോഗങ്ങൾ | എസ്.ആർ.ജി. |
| | 8.1 | ശില്പശാലകൾ | ,, |

| | | | |
|---|---|---|---|
| | 9.1 | പാഠാസൂത്രണം (ഗണിതം) | ,, |
| | 10.2 | സമയ വിഭവ മാനേജ്മെന്റ് (പഠനം) | ,, |
| ഒക്ടോബർ | 1.3 | ശില്പശാല (നാടകം) | എസ്.ആർ.ജി. |
| | 2.1 | അനുദിനം അവസരം | ,, |
| | 3.2 | ക്ലസ്റ്റർ | ,, |
| | 4.2 | ഗൃഹാങ്കണ യോഗങ്ങൾ | ,, |
| | 5.2 | പൂർവ്വ വിദ്യാർത്ഥി സംഘടന | എസ്.ആർ.ജി. പി.ടി.എ |
| | 7.1 | എൽ.എസ്.എസ്. | എസ്.ആർ.ജി |
| നവംബർ | 2.1 | അനുദിനം അവസരം | എസ്.ആർ.ജി. |
| | 3.2 | ക്ലസ്റ്റർ | ,, |
| | 4.1 | സെമിനാർ | പി.ടി.എ. എസ്.എം.സി |
| ഡിസംബർ | 1.2 | പാഠാസൂത്രണ ശില്പശാല | എസ്.ആർ.ജി |
| | 2.1 | അനുദിനം അവസരം | ,, |
| | 3.1 | പഠനോത്സവം | ,, |
| | 3.2 | ക്ലസ്റ്റർ | ,, |
| ജനുവരി | 2.1 | അനുദിനം അവസരം | എസ്.ആർ.ജി |
| | 3.2 | ക്ലസ്റ്റർ | ,, |
| | 4.3 | ഗൃഹസന്ദർശനവും സർവ്വെയും | എസ്.ആർ.ജി. |
| ഫെബ്രുവരി | 2.1 | അനുദിനം അവസരം | എസ്.ആർ.ജി |
| | 3.1 | പഠനോത്സവം | ,, |
| | 3.2 | ക്ലസ്റ്റർ | ,, |
| മാർച്ച് | 2.1 | അനുദിനം അവസരം | എസ്.ആർ.ജി |
| | 9.1 | പാഠാസൂത്രണം ഗണിതം | ,, |
| | 10.3 | ഡോക്യുമെന്റേഷൻ | ,, |
| ഏപ്രിൽ | 10.2 | സമയ വിഭവ മാനേജ്മെന്റ് പഠനം | എസ്.ആർ.ജി |
| | 4.3 | സർവ്വെ റിപ്പോർട്ട് വിനിമയം | ,, |
| | 4.2 | ഗൃഹാങ്കണ യോഗങ്ങൾ | ,, |

# അക്കാദമിക് മാസ്റ്റർ പ്ലാൻ മോണിറ്ററിംഗ് കമ്മറ്റിയും പ്രയോഗവല്കരണവും

എല്ലാ വിദ്യാലയങ്ങളിലും 2018 മുതൽ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിവെക്കുന്നുണ്ട്. എന്നാൽ വാർഷിക കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ മിക്ക സ്ഥലങ്ങളിലും കൃത്യമായി നടക്കാറില്ല. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയും എന്നതിന്റെ ആലോചനയിൽ നിന്നാണ് താഴെ പറയുന്ന പ്രവർത്തന രീതി രൂപപ്പെട്ടത്. ഇവ കൃത്യമായി ചെയ്യാൻ കഴിഞ്ഞാൽ എ.എം.പി. പ്രയോഗത്തിൽ വരും.

ആദ്യമായി ഒരു എ.എം.പി. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം. ഇതിൽ വാർഡ് മെമ്പർ ചെയർമാനും പ്രഥമാധ്യപിക കൺവീനറുമായിരിക്കും. അംഗങ്ങളായി പിടിഎ എസ്.എം.സി., മദർ പിടിഎ, സി.പി.ടി.എ ക്ലാസ്സ് പ്രതിനിധി, വിദ്യാഭ്യാസ വിദഗ്ധൻ, എന്നിവർ അംഗങ്ങളായിരിക്കും. ഇവർ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടാനുള്ള നിർദ്ദേശങ്ങൾ നൽകണം.

സ്ക്കൂൾ തലത്തിൽ എല്ലാ മാസവും രണ്ടാമത്തെ ആഴ്ച പ്രത്യേക എസ്.ആർ.ജി ചേർന്ന് അടുത്ത മാസത്തെ പ്രവർത്തനങ്ങൾ സൂക്ഷമതലത്തിൽ ആസൂത്രണം ചെയ്യണം. വാർഷിക കലണ്ടറിൽ പറഞ്ഞ നിശ്ചിതമാസം നടക്കേണ്ട പ്രവർത്തനത്തിന്റെ ചുമതലയുള്ളവരാണ് ആസൂത്രണരേഖ അവതരിപ്പിക്കേണ്ടത്. അത് ചർച്ച ചെയ്ത മെച്ചപ്പെടുത്തുകയും രേഖപ്പെടുത്തുകയും വേണം. തുടർന്ന് അടുത്ത ആഴ്ചയിലെ എസ്.ആർ.ജി.യിൽ പുരോഗതി അവലോകനം ചെയ്യണം. അവ അടുത്ത മാസം നടപ്പിലാക്കണം. ഈ പ്രക്രിയ ഓരോ മാസവും നടക്കണം. അവിചാരിതമായി ഏതെങ്കിലും മാസം ഒരു പ്രവർത്തനം നടത്താൻ കഴിഞ്ഞില്ലങ്കിൽ അവ അനുയോജ്യമായ മറ്റൊരു ദിവസത്തേക്ക് മാറ്റിവെക്കണം. ഇങ്ങനെ ഫലപ്രദമായി എ.എം.പി. പ്രവർത്തി പഥത്തിൽ കൊണ്ടുവരാൻ സാധിക്കും. പ്രവർത്തനങ്ങളുടെ ചുമതല ഒരാൾക്കാണെങ്കിലും സ്ക്കൂളിനകത്തും പുറത്തുമുള്ള ഏതൊരാളുടെയും സഹായം ചുമതലക്കാരനു ഉപയോഗപ്പെടുത്താൻ അവസരമുണ്ട്.

## ഉപസംഹാരം

ഏതൊരു സ്ഥാപനത്തിന്റെയും വിജയം ഫലപ്രദമായ ആസൂത്രണത്തിലും സമയ ബന്ധിതമായ നടപ്പാക്കലിലുമാണ് നിലകൊള്ളുന്നത്. അപരിമേയമായ മനുഷ്യ വിഭവത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള ശ്രമമാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ നടത്തിയിട്ടുള്ളത്. നമ്മുടെ വിദ്യാലയത്തിലും അത് മികച്ചനിലയിൽ നടപ്പാക്കാൻ കൂട്ടായ ശ്രമം അനിവാര്യമാണ്. മോണിറ്ററിംഗ് കമ്മറ്റിയും മറ്റു കമ്മറ്റികളും ക്രിയാത്മകമായ സർഗ്ഗാത്മകമായും ഇടപെട്ട് സംസ്ഥാനത്തിനു തന്നെ മാതൃകയായി മാറുന്ന പ്രവർത്തനം കാഴ്ചവെക്കാൻ നമുക്കാവണം. എവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് രേഖ പൊതുജനസമക്ഷം സമർപ്പിക്കുന്നു.